04
2025
ഏപ്രിൽ
വെള്ളി
മീനം 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.115 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-115 പേജ് 4. വില 2.00 രൂപ



02 കാനഡയുടെ 'പ്രതികാരം'; യുഎസ് വാഹനങ്ങൾക്ക് 25% തീരുവ

03 വഖഫ് ബില്ലിനെ മുനമ്പവുമായി കൂട്ടിയിണക്കി സംഘർഷമാക്കി മാറ്റാൻ ശ്രമിക്കുന്നു;

04 ചലച്ചിത്ര മേഖല സ്ത്രീ സുരക്ഷിതവും സ്ത്രീ സൗഹൃദവുമാകണം: മന്ത്രി


## വിഴിഞ്ഞം തുറമുഖം കൂടുതൽ കരുത്തുള്ളതാക്കും

# വ്യവസായ ഇടനാഴിവരും

തിരുവനന്തപുരം : കേരളത്തിന്റെ അടിസ്ഥാന സൗകര്യ, വ്യവസായ രംഗത്ത് വൻ വികസനക്കുതിപ്പാണ് വരുന്നതെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. എറണാകുളത്തു നിന്ന് പാലക്കാട് കോയമ്പത്തൂർ വഴി ബെംഗളൂരുവിലേക്കുള്ള വ്യവസായ ഇടനാഴി, കോഴിക്കോട്ടു നിന്ന് കണ്ണൂർ വഴി മംഗലാപുരത്തേക്കു നീളുന്ന പദ്ധതി എന്നിവയെയെല്ലാം വിഴിഞ്ഞം തുറമുഖ പദ്ധതി കൂടുതൽ കരുത്തുള്ളതാക്കും. കാസർകോട് നിന്ന് തിരുവനന്തപുരത്തേക്ക് ഏതാനും മണിക്കൂറുകൾ കൊണ്ട് കണ്ടെയ്നറുകൾ എത്തിക്കാനാകും. ഇന്ത്യയിൽ മറ്റൊരിടത്തും ഈ അനുകൂലഘടകമില്ലെന്ന് അദ്ദേഹം പറഞ്ഞു.



കേരളത്തിൽ വലിയ വികസനപദ്ധതികൾ ഏറ്റെടുക്കാൻ കിഫ്ബിക്ക് കഴിയില്ലെന്ന വിമർശനങ്ങൾക്കുള്ള മറുപടിയാണ് ഈ പദ്ധതികളെന്ന് അദ്ദേഹം പറഞ്ഞു. കിഫ്ബിയുടെ കരുത്തിൽ തന്നെയാകും കേരളത്തിന്റെ മുന്നോട്ടുള്ള വികസനം. സംസ്ഥാനത്തിന്റെ വികസനത്തിന് അടിത്തറയൊരുക്കിയത് കിഫ്ബിയാണ്. മാതൃവകുപ്പ് ധനവകുപ്പ് ആണെങ്കിലും മറ്റെല്ലാ വകുപ്പുകളുടെയും വികസന പദ്ധതികൾ ചെന്നെത്തുന്നത് കിഫ്ബിയുടെ ഫണ്ടിലാണ്.

കിഫ്ബിയുടെ പ്രവർത്തനം തടസ്സപ്പെടുന്ന ഘട്ടങ്ങളൊക്കെ വന്നിട്ടുണ്ടെങ്കിലും കരുത്തോടെ മുന്നോട്ടുപോകുകയായിരുന്നു. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം കൊല്ലം പുനലൂർ ഇടനാഴിക്ക് ആയിരം കോടി ബജറ്റിൽ പ്രഖ്യാപിച്ചത് ഉദാഹരണം മാത്രം. സാമ്പത്തിക മേഖലയിലെ മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുകയും സമ്പദ്!വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയുമെന്ന ദൗത്യമാണ് കിഫ്ബി നിർവഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## മ്യാൻമർ ഭൂചലനം: മരണം 3000 കടന്നു

നായ്പിഡാവ്: മ്യാൻമറിലുണ്ടായ ഭൂചലനത്തിൽ 3085 പേരുടെ മരണം സ്ഥിരീകരിച്ചു. 4715 പേർ പരിക്കേറ്റ് ചികിത്സയിലുണ്ട്. 341 പേരെ കാണാതായിട്ടുണ്ട്. 17 രാജ്യങ്ങളിൽനിന്നുള്ള രക്ഷാപ്രവർത്തകർ ദുരന്തമേഖലയിലുണ്ട്. പലയിടത്തും ഇപ്പോഴും രക്ഷാപ്രവർത്തനം തുടരുകയാണ്. പുനരധിവാസ പ്രവർത്തനങ്ങൾക്കിടയിൽ, മ്യാൻമറിലെ സൈനിക ഭരണകൂടം ബുധനാഴ്ച താൽക്കാലിക വെടിനിർത്തൽ പ്രഖ്യാപിച്ചു. ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്കായിട്ടാണ് തീരുമാനം എടുത്തതെന്നാണ് വിവരം. താൽക്കാലിക വെടിനിർത്തൽ രക്ഷാപ്രവർത്തനം എളുപ്പാക്കിയേക്കുമെന്നാണ് പ്രതീക്ഷ. ഏപ്രിൽ 22 വരെയാണ് വെടിനിർത്തൽ. കഴിഞ്ഞ വെള്ളിയാഴ്ചയാണ് മ്യാൻമറിലെ രണ്ടാമത്തെ വലിയ നഗരമായ മണ്ടാലെയ്ക്ക് സമീപം റിക്ടർ സ്കെയിലിൽ 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായത്. വിമാനത്താവളങ്ങളും റോഡുകളും നൂറുകണക്കിന് കെട്ടിടങ്ങളും തകർന്നിട്ടുണ്ട്.

## മലയാളി സിബിഐ ഇൻസ്പെക്ടറെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു

കൊച്ചി: മലയാളിയായ സിബിഐ ഇൻസ്പെക്ടറെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു. കൊൽക്കത്ത യൂണിറ്റിൽ ഇൻസ്പെക്ടറായിരുന്ന എസ്. ഉണ്ണികൃഷ്ണൻ നായർക്കെതിരെയാണ് നടപടി. ഡൽഹിയിലെ സിബിഐ ആസ്ഥാനത്തുനിന്നാണ് ഇതുസംബന്ധിച്ച ഉത്തരവിറങ്ങിയത്.

കൊച്ചി സിബിഐ എസ്പിയായിരുന്ന എസ്. ഷൈനിയുടെ ടെലിഫോൺ കോളുകൾ മേലുദ്യോഗസ്ഥരുടെ അറിവോ സമ്മതമോ ഇല്ലാതെ റെക്കോർഡ് ചെയ്തു, കേസ് രേഖകളും തെളിവുകളും അടക്കമുള്ളവ കൈവശം സൂക്ഷിച്ചു, ചില ഫോറൻസിക് രേഖകൾ ഹാജരാക്കാതെ കൃത്യവിലോപം കാട്ടി തുടങ്ങിയവയാണ് ഉണ്ണികൃഷ്ണനെതിരായ കുറ്റങ്ങൾ. 2012–2016 വരെ സസ്പെൻഷനിൽ ആയിരുന്ന കാലത്തെ യാതൊരാനുകൂല്യങ്ങൾക്കും അർഹതയുണ്ടാകില്ലെന്നും പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവിലുണ്ട്. നേരത്തേ കൊച്ചി, തിരുവനന്തപുരം യൂണിറ്റുകളിൽ ഉദ്യോഗസ്ഥനായിരുന്നു ഉണ്ണികൃഷ്ണൻ. പാലക്കാട്ടെ സമ്പത്തിന്റെ കസ്റ്റഡി മരണക്കേസ് അടക്കം ഉണ്ണികൃഷ്ണൻ നായർ അന്വേഷിച്ചിരുന്നു.

## കണ്ണൂരിൽ സ്കൂൾ വിദ്യാർഥിനി കിടപ്പുമുറിയിൽ മരിച്ചനിലയിൽ

തലശേരി: പത്താം ക്ലാസ് വിദ്യാർഥിനിയായ പതിനഞ്ചുകാരിയെ കിടപ്പുമുറിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. പാനൂർ തെക്കേ പാനൂരിലെ താഴെക്കണ്ടി റെജീന–മജീദ് ദമ്പതിമാരുടെ മകൾ റെന ഫാത്തിമയാണ് മരിച്ചത്. ഇന്നു പുലർച്ചെ ഒന്നോടെ കഴുത്തിൽ ഷാൾ മുറുക്കിയ നിലയിലാണ് പെൺകുട്ടിയെ കിടപ്പു മുറിയിൽ ബോധരഹിതയായ നിലയിൽ കണ്ടെത്തിയത്. ബഹളം കേട്ട് ഓടിയെത്തിയ നാട്ടുകാർ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സ്ഥിരീകരിക്കുകയായിരുന്നു. വിവരമറിഞ്ഞ് പാനൂർ പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. മൃതദേഹം തലശേരി ജനറൽ ആശുപത്രി മോർച്ചറിയിൽ.

## തീരദേശ ആഴക്കടലിലെ മണലിൽ 60% റയർ എർത്ത് മൂലകങ്ങൾ: മന്ത്രി

കൊല്ലം: തീരദേശ ആഴക്കടലിലെ മണലിൽ 60 ശതമാനം വരെ റയർ എർത്ത് മൂലകങ്ങൾ ഉണ്ടെന്നു ലോക സഭയിൽ എൻ. കെ. പ്രേമചന്ദ്രൻ എംപി യുടെ ചോദ്യത്തിനു മറുപടിയായി കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്.

തീരത്തെ ആഴക്കടൽ മണലിൽ 55 മുതൽ 60 ശതമാനം വരെ റയർ എർത്ത് മൂലകങ്ങളും ഒൻപത് മുതൽ 18 ശതമാനം വരെ തോറിയം ഓക്സൈഡും അടങ്ങിയ ഫോസ്ഫേറ്റ് മൂലകമായ ഇ-സിറ്റ് മോണസൈറ്റ് 0. 04 മില്യൺ ടൺ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. റയർ എർത്ത് മിനറലുകളെ സംബന്ധിച്ചും റേഡിയോ ആക്ടീവ് മൂലകങ്ങളെ സംബന്ധിച്ചും അറ്റോമിക് എനർജി വകുപ്പ് പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടെന്ന് മന്ത്രി മറുപടി നൽകി. 2022 ലെ ഓഫ്ഷോർ ഏരിയ മിനറൽ ഡവലപ്പ്മെൻറ് ആൻഡ് റെഗുലേഷൻ ആക്ട് പ്രകാരം പര്യവേഷണത്തിനും ഖനനത്തിനും ഉൾപ്പെടെയുള്ള കോമ്പസിറ്റ് ലൈസൻസ് നൽകുന്നതിന് 13 ബ്ലോക്കുകളിലായി ആദ്യഘട്ട ലേലത്തിനായി കേന്ദ്ര സർക്കാർ 2024 നവംബർ 28 നു ലേല നടപടികൾ ആരംഭിച്ചതായി മന്ത്രി അറിയിച്ചു.



കൊല്ലം തീരത്തെ സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന കടലിലെ ഭാഗം ഒഴികെയുള്ള മൂന്ന് ബ്ലോക്കുകളും ഇതിൽ ഉൾപ്പെടെയാണ് ലേല നടപടികൾ ആരംഭിച്ചത്. ഖനന നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് അനുബന്ധ വകുപ്പുകളുമായി കൂടിയാലോചിക്കണമെന്നാണ് ചട്ടം.

അറ്റോമിക് എനർജി, പരിസ്ഥിതി വനവും കാലാവസ്ഥാ വ്യതിയാനവും, ഫിഷറീസ് വകുപ്പ് എന്നിവയുമായി കൂടിയാലോചിക്കണമെന്നും നിർബന്ധമാണ്. നിലവിലെ വിഷയത്തിൽ ഖനനമന്ത്രാലയം, അറ്റോമിക് എനർജി വകുപ്പുമായും മറ്റ് അനുബന്ധ വകുപ്പുകളുമായും കൂടിയാലോചിക്കുകയും ബ്ലോക്കുകൾ ടെണ്ടറിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ പത്രം വാങ്ങിയിട്ടുള്ളതായും മന്ത്രി ലോക സഭയിൽ അറിയിച്ചു.

## നടിയെ ആക്രമിക്കാൻ ക്വട്ടേഷൻ നൽകിയത് ദിലീപ്; പ്രതിഫലമായി 80 ലക്ഷം കിട്ടാനുണ്ടെന്ന് പൾസർ സുനി

കൊച്ചി: കൊച്ചിയിൽ യുവനടിയെ ആക്രമിച്ച് അശ്ലീല ദൃശ്യങ്ങൾ പകർത്തിയ കേസിൽ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുമായി മുഖ്യ പ്രതി പൾസർ സുനി. നടിയെ ആക്രമിക്കാൻ ക്വട്ടേഷൻ നൽകിയത് നടനും കേസിലെ എട്ടാം പ്രതിയുമായ ദിലീപ് എന്നാണ് പൾസർ സുനിയുടെ വെളിപ്പെടുത്തൽ.

ഒരു സ്വകാര്യ ചാനൽ നടത്തിയ ഒളിക്കാമറ ഓപ്പറേഷനിലാണ് പൾസർ സുനി ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയത്. ക്വട്ടേഷൻ തുകയായി ഒന്നരക്കോടി രൂപയാണ് ദിലീപ് വാഗ്ദാനം ചെയ്തത്. ബലാത്സംഗം പകർത്താനും നിർദേശിച്ചു.

മുഴുവൻ തുകയും കിട്ടിയില്ലെന്നും തനിക്ക് ഇനിയും 80 ലക്ഷം രൂപ കിട്ടാനുണ്ടെന്നും ആവശ്യം വരുമ്പോൾ പലപ്പോഴായി താൻ ദിലീപിൽനിന്നു പണം വാങ്ങിയിരുന്നെന്നും സുനി വെളിപ്പെടുത്തുന്നു. കേസിന്റെ വിചാരണ പൂർത്തിയായി വരുന്നതിനിടെയാണ് വിവാദമായേക്കാവുന്ന വെളിപ്പെടുത്തലുകൾ ചാനൽ പുറത്തുവിട്ടിരിക്കുന്നത്.

കുടുംബം തകർത്തതിന്റെ വൈരാഗ്യം നടിയെ ആക്രമിക്കാൻ ക്വട്ടേഷൻ നൽകിയതിന് പിന്നിൽ നടൻ ദിലീപിന്റെ കുടുംബം



തകർത്തതിന്റെ വൈരാഗ്യമെന്ന് പൾസർ സുനി പറയുന്നു. ബലാത്സംഗത്തിലൂടെ അതിജീവിതയെ പൂട്ടുകയായിരുന്നു ലക്ഷ്യമെന്നും അതിക്രമം നടക്കുമ്പോൾ താൻ ദിലീപിന്റെ നിരീക്ഷണത്തിലായിരുന്നുവെന്നും സുനി പറഞ്ഞു.

എല്ലാം തത്സമയം വേറെ ചിലർ അറിയുന്നുണ്ടായിരുന്നു. തന്റെ പിറകിൽ നിരീക്ഷിക്കാൻ ആളുണ്ടായിരുന്നു. ബലാത്സംഗത്തിലൂടെ അതിജീവിതയെ പൂട്ടുകയായിരുന്നു ലക്ഷ്യം. പീഡനദൃശ്യങ്ങൾ ചിത്രീകരിക്കാനും തീരുമാനിച്ചിരുന്നു. എന്താണ് സംഭവിക്കാൻ പോകുന്നതെന്നതിനെക്കുറിച്ച് അതിജീവിതയ്ക്ക് അറിയാമായിരുന്നു. അതിക്രമം ഒഴിവാക്കാൻ പണം തരാമെന്ന് നടിയും പറഞ്ഞിരുന്നു. ആ പണം വാങ്ങിയിരുന്നെങ്കിൽ ജയിലിൽ പോകാതെ രക്ഷപ്പെടാമായിരുന്നുവെന്നും പൾസർ സുനി പറഞ്ഞു.






## മാസപ്പടി കേസ്; വീണ വിജയനെ പ്രതിചേർത്ത് കുറ്റപത്രം; വിചാരണയ്ക്ക് അനുമതി

കൊച്ചി: മാസപ്പടി കേസിൽ മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ വീണ വിജയൻ ഉൾപ്പെടെയുള്ളവരെ പ്രതിചേർത്ത് സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്എഫ്ഐഒ) കുറ്റപത്രം. എക്സാലോജിക്ക്, ശശിധരൻ കർത്ത, സിഎംആർഎൽ, സഹോദര സ്ഥാപനം എന്നിവയാണ് കുറ്റപത്രത്തിലെ മറ്റു പ്രതികൾ.

സേവനം നൽകാതെ വീണ വിജയൻ 2.72 രൂപ കൊപ്പറ്റിയെന്നാണ് എസ്എഫ്ഐഒയുടെ കണ്ടെത്തൽ. 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത്.



പ്രോസിക്യൂഷൻ നടപടികൾക്ക് കേന്ദ്ര കമ്പനികാര്യ മന്ത്രാലയം അനുമതി നൽകി. വീണ വിജയൻ, സിഎംആർഎൽ എംഡി ശശിധരൻ കർത്ത, സിഎംആർഎൽ സിജിഎം (ഫിനാൻ

...ന്നിവരെ പ്രോസിക്യൂഷൻ ചെയ്യാനാണ് കമ്പനികാര്യ മന്ത്രാലയം അനുമതി നൽകിയിരിക്കുന്നത്. സേവനം നൽകാതെ പണം കൈപ്പറ്റിയെന്ന കണ്ടെത്തലിനെ തുടർന്നാണ് വീണ വിജയനും എക്സലോജിക്കിനും സിഎംആർഎല്ലിനും എതിരെ കമ്പനികാര്യ ചട്ടം 447ാം വകുപ്പ് ചുമത്തിയിരിക്കുന്നത്.

അതേസമയം, മാസപ്പടി കേസിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികൾ കഴിഞ്ഞ ദിവസം ഹൈക്കോടതി തള്ളിയിരുന്നു. മാത്യു കുഴൽനാടന്റെയും ഗിരീഷ് ബാബുവിന്റെയും ഹർജികളാണ് ഹൈക്കോടതി തള്ളിയത്. മൂവാറ്റുപുഴ വിജിലൻസ്

...യാണ് ഇരുവരും ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. ജസ്റ്റിസ് കെ. ബാബുവാണ് ഹർജികളിൽ വിധി പറഞ്ഞത്. മുഖ്യമന്ത്രിയുടെ മകളുടെ സ്ഥാപനമായ എക്സാലോജിക്കും കൊച്ചിയിലെ കരിമണൽ കമ്പനിയായ സിഎംആർ എല്ലും തമ്മിൽ നടത്തിയ സാമ്പത്തിക ഇടപാട് വിജിലൻസ് അന്വേഷിക്കണമെന്നായിരുന്നു ഹർജിയിലെ ആവശ്യം.

അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ എസ്എഫ്ഐഒക്ക് ജൂലൈ വരെ സമയം ലഭിക്കും. ഇത്തരത്തിൽ റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ അന്വേഷണത്തിനെതിരായ ഹർജി പിന്നീട്

# കാനഡയുടെ 'പ്രതികാരം'; യുഎസ് വാഹനങ്ങൾക്ക് 25% തീരുവ ചുമത്തി കാർനി

ഒട്ടാവ : യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ താരിഫ് പ്രഖ്യാപനത്തിനു പിന്നാലെ യുഎസ് ഉൽപ്പന്നങ്ങൾക്കു ചുമത്തേണ്ട 'പ്രതികാര' താരിഫ് നിരക്കുകൾ പ്രഖ്യാപിച്ച് കാനഡ. ട്രംപിന്റെ വ്യാപാര നയങ്ങൾക്കുള്ള മറുപടിയായാണ് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർനിയുടെ നടപടി. കാനഡയുഎസ്മെക്സിക്കോ കരാർ (സിയുഎസ്എംഎ) പാലിക്കാത്ത യുഎസിന് മറുപടിയായി യുഎസിൽനിന്ന് ഇറക്കുമതി ചെയ്യുന്ന വാഹനങ്ങൾക്ക് കാനഡ 25 ശതമാനം തീരുവയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഒട്ടാവയിൽ നടന്ന പത്രസമ്മേളനത്തിലാണ് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർനിയുടെ പ്രഖ്യാപനം. യുഎസിൽനിന്ന് ഇറക്കുമതി ചെയ്യുന്ന വാഹനങ്ങളിലെ കനേഡിയൻ ഇതര പാർട്സുകൾക്കും പുതിയ തീരുവ നിരക്ക് ബാധകമാകുമെന്ന് മാർക്ക് കാർനി വ്യക്തമാക്കി. "യുഎസുമായുള്ള നമ്മുടെ പഴയ ബന്ധം അവസാനിക്കുകയാണ്. കഴിഞ്ഞ 80 വർഷക്കാലം ആഗോള സാമ്പത്തിക ശക്തിയായിരുന്ന യുഎസിന്റെ നേതൃപദവിയും ഇതോടെ അവസാനിക്കും. ട്രംപുമായി ചർച്ചകൾ ആവശ്യമെങ്കിൽ ഉചിതമായ സമയത്ത് നടത്തും." കാർനി തുറന്നടിച്ചു.

അതിനിടെ യൂറോപ്പിനു മുകളിൽ യുഎസ് ഏർപ്പെടുത്താനിരിക്കുന്ന താരിഫുകൾ സംബന്ധിച്ച് വ്യക്തത വരുന്നതുവരെ യുഎസിൽ നിക്ഷേപം നടത്തുന്നത് നിർത്തിവയ്ക്കണമെന്നു ഫ്രഞ്ച് പ്രസഡിന്റ് ഇമ്മാനുവൽ മക്രോ ആവശ്യപ്പെട്ടു. "യുഎസിന്റെ പുതിയ താരിഫുകൾ യൂറോപ്പിനും ലോകത്തിനുമെതിരായ ഡോണൾഡ് ട്രംപിന്റെ ക്രൂരവും അടിസ്ഥാന രഹിതവുമായ നീക്കമാണ്. യുഎസ് പ്രഖ്യാപിച്ച താരിഫുകൾ സംബന്ധിച്ച് വ്യക്തത വരാത്തിടത്തോളം, യുഎസിൽ നടത്താനിരിക്കുന്ന ഭാവി നിക്ഷേപങ്ങൾ എല്ലാം താൽക്കാലികമായി നിർത്തിവയ്ക്കണം. ട്രംപിന്റെ താരിഫ് പ്രഖ്യാപനത്തിനുശേഷം യുഎസ് കൂടുതൽ ദുർബലവും ദരിദ്രവുമാകും. ട്രംപിന്റെ താരിഫ് പ്രഖ്യാപനം യൂറോപിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ സ്വാധീനം ചെലുത്തും." മക്രോ തുറന്നടിച്ചു.

# ഡോ. പി.സി നായർ ഫൗണ്ടേഷൻെറ വരദേവി പുരസ്കാരം പ്രൊഫ. ജി.എൻ പണിക്കർക്ക്

തിരുവനന്തപുരം: മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള ഡോ. പി.സി നായർ ഫൗണ്ടേഷൻറെ 2025 ലെ വരദേവി പുരസ്കാരം പ്രമുഖ നോവലിസ്റ്റും ചെറുകഥാകൃത്തുമായ പ്രൊഫ. ജി.എൻ പണിക്കർക്ക്. 25,000 രൂപയും പ്രശസ്തി പത്രവും ശിൽപ്പവും അടങ്ങുന്നതാണ് പുരസ്കാരം. ഏപ്രിൽ 10 ന് വൈകുന്നേരം അഞ്ചിന് തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ കവിയും ഗാനരചയിതാവുമായ കെ. ജയകുമാർ പുരസ്കാരം സമ്മാനിക്കും.

കഥാകൃത്ത്, നോവലിസ്റ്റ്, വിമർശകൻ, അധ്യാപകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ജി.എൻ പണിക്കരുടെ നീരുറവകളുടെ ഗീതം എന്ന കഥാസമാഹാരം 1982 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. നമ്മുടെയും അവരുടെയും, നീരുറവകൾക്ക് ഒരു ഗീതം, വെറുതെ ഒരു മോഹം, ഇനി യാത്ര പറഞ്ഞിടട്ടെ, ഒരു ദിവസം ഒരു യുഗം തുടങ്ങിയവ പ്രധാന കൃതികളാണ്. കരൂർ അവാർഡ്, തിരുവനന്തപുരം തമിഴ് സംഘത്തിൻറെ ഉള്ളൂർ സ്മാരക പുരസ്കാരം, സമഗ്ര സംഭാവനയ്ക്കുള്ള പി. കേശവദേവ് സാഹിത്യ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ചിറ്റൂർ, തലശ്ശേരി, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ സർക്കാർ കോളേജുകളിൽ ഇരുപതു വർഷം അധ്യാപകനായിരുന്നു.പുരസ്കാര സമർപ്പണ ചടങ്ങിൽ ഡോ. പി.സി നായർ ഫൗണ്ടേഷൻ ഉപദേശക സമിതി ചെയർമാൻ ഡോ. എം.ജി ശശിഭൂഷൺ അധ്യക്ഷത വഹിക്കും. പ്രൊഫ. നന്ത്യത്ത് ഗോപാലകൃഷ്ണൻ, ഫൗണ്ടേഷൻ ചെയർമാൻ പി. ബാലചന്ദ്രൻ നായർ, ഫൗണ്ടേഷൻ കാര്യദർശി കെ.രാജഗോപാൽ എന്നിവർ പങ്കെടുക്കും.നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്, വിവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനും അമേരിക്കയിലെ നിരവധി കോളേജുകളിൽ ധനതത്വശാസ്ത്ര പ്രൊഫസറുമായിരുന്ന ഡോ. പി.സി നായരുടെ പേരിലുള്ള ഫൗണ്ടേഷനാണ് വരദേവി പുരസ്കാരം നൽകുന്നത്.

# കായംകുളത്ത് ഉത്സവം കാണാൻ പോയ യുവതിയുടെ വസ്ത്രം വലിച്ചു കീറിയ കേസ്; പ്രതി അറസ്റ്റിൽ

ആലപ്പുഴ: കായംകുളത്ത് ഉത്സവം കാണാൻ പോയ യുവതിയുടെ വസ്ത്രം പൊതുജന മധ്യത്തിൽ വലിച്ചു കീറിയ കേസിലെ പ്രതി അറസ്റ്റിൽ. കായംകുളം പുതുപ്പള്ളി വില്ലേജിൽ പുതുപ്പള്ളി വടക്ക് മുറിയിൽ ഷാജി ഭവനത്തിൽ ഷാജി (56) ആണ് അറസ്റ്റിലായത്.

കായംകുളം പുതുപ്പള്ളി ദേവികുളങ്ങര അമ്പലത്തിലെ ഉത്സവം കാണുന്നതിനായി അമ്മാവനോടും അമ്മൂമ്മയോടും അനുജത്തിയോടുമൊപ്പം പോയ 21 വയസ്സുള്ള യുവതിയുടെ ചുരിദാറിന്റെ ടോപ്പ് ആണ് ഷാജി വലിച്ചു കീറിയത്.

യുവതിയുടെ അമ്മാവനോടുള്ള വൈരാഗ്യത്തിന്റെ പേരിൽ ഉത്സവം കാണാൻ പോയ ഇവരെ റോഡിൽ തടഞ്ഞു നിർത്തി ആക്രമിക്കുകയും യുവതി ധരിച്ചിരുന്ന ചുരിദാർ ടോപ്പ് നിശേഷം വലിച്ചു കീറുകയുമായിരുന്നു അവിടെ കൂടിയ ആളുകളാണ് പ്രതിയെ പിടിച്ചു മാറ്റിയത്. കായംകുളം ഡി വൈഎസ്പി ബാബുക്കുട്ടന്റെ മേൽനോട്ടത്തിൽ സിഐ അരുൺ ഷാ, എസ്ഐ മാരായ രതീഷ് ബാബു, ആനന്ദ്, ദിലീപ്, എഎസ്ഐ ഹരി, പോലീസുകാരായ ശ്രീനാഥ്, പത്മദേവ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# അമ്പലപ്പറമ്പിലെ വിപ്ലവഗാനത്തെ വിമർശിച്ച് ഹൈക്കോടതി

കൊച്ചി: കടയ്ക്കൽ ക്ഷേത്രത്തിൽ വിപ്ലവഗാനം പാടിയത് ലാഘവത്തോടെ കാണാനാകില്ലെന്ന് ഹൈക്കോടതി. ഇത്തരമൊരു കാര്യം ഒരിക്കലും അമ്പലപ്പറമ്പിൽ സംഭവിക്കാൻ പാടില്ലാത്തതാണെന്നും പോലീസ് കേസെടുക്കേണ്ടതായിരുന്നു എന്നും കോടതി പറഞ്ഞു. ക്ഷേത്രങ്ങൾ ഇതിനുള്ള സ്ഥലമല്ലെന്നും കോടതി ആവർത്തിച്ചു. ക്ഷേത്രങ്ങളിൽ ആളുകൾ വരുന്നത് ഉത്സവം കാണാനാണെന്നും വിപ്ലവ ഗാനം കേൾക്കാനല്ലെന്നും കോടതി പറഞ്ഞു. സ്റ്റേജിന് മുന്നിൽ കുപ്പിയും മറ്റും ഉയർത്തിപ്പിടിച്ച് യുവാക്കൾ നൃത്തം വച്ചു. ഇവരെ വിശ്വാസികൾ എന്ന് വിളിക്കാനാകുമോ എന്നും ജസ്റ്റീസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റീസ് എസ്. മുരളീകൃഷ്ണ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ചോദിച്ചു.

ഗാനമേളക്ക് എത്ര തുക ചെലവഴിച്ചുവെന്ന് ചോദിച്ച കോടതി എങ്ങനെയാണ് പിരിച്ചത് എന്നറിയിക്കണമെന്നും നിർദേശിച്ചു. കേസ് ഹൈക്കോടതി വീണ്ടും പരിഗണിക്കും. ഗാനമേളയുടെ ദൃശ്യങ്ങൾ വീണ്ടും പരിശോധിക്കും.

സ്റ്റേജിന്റെ പശ്ചാത്തലത്തിൽ സിപിഎം, ഡിവൈഎഫ്ഐ പതാകകൾ പ്രദർശിപ്പിച്ചിരുന്നതായി ആരോപണമുയർന്ന സാഹചര്യത്തിലാണ് കോടതി പരിപാടിയുടെ സമ്പൂർണ വീഡിയോ ദൃശ്യം ആവശ്യപ്പെട്ടത്.

# ശ്രീനിവാസൻ വധക്കേസ്; പ്രതികളായ പത്ത് എസ്ഡിപിഐ പ്രവർത്തകർക്ക് ജാമ്യം

കൊച്ചി: പാലക്കാട്ടെ ആർഎസ്എസ് നേതാവ് ശ്രീനിവാസനെ കൊലപ്പെടുത്തിയ കേസിലെ പത്ത് പ്രതികൾക്ക് ജാമ്യം അനുവദിച്ച് ഹൈക്കോടതി. എസ്ഡിപിഐ പ്രവർത്തകരും കേസിലെ പ്രധാന പ്രതികളുമായ ഷെഫീഖ്, നാസർ, എച്ച്. ജംഷീർ, ബി. ജിഷാദ്, അഷ്റഫ് മൗലവി, സിറാജുദ്ദീൻ, അബ്ദുൽ ബാസിത്, അഷ്റഫ്, മുഹമ്മദ് ഷെഫീഖ്, ജാഫർ, പി. വിശാഖ് എന്നിവർക്കാണ് ജാമ്യം അനുവദിച്ചത്. ജാമ്യാപേക്ഷ എൻഐഎ കോടതി തള്ളിയതിനെ തുടർന്ന് പ്രതികൾ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൻറേതാണ് വിധി. കേസിൽ നേരത്തേ 17 പ്രതികൾക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചിരുന്നു. ഇക്കാര്യത്തിൽ ഹൈക്കോടതിക്ക് പിഴവുണ്ടായെന്ന് സുപ്രീംകോടതി നിരീക്ഷിച്ചിരുന്നു.

ഓരോ പ്രതിയുടേയും പങ്ക് പ്രത്യേകം പരിഗണിക്കണമായിരുന്നുവെന്നും 17 പ്രതികൾക്ക് ഒരുമിച്ച് ജാമ്യം അനുവദിച്ചതിൽ പിഴവ് പറ്റിയെന്നും കോടതി പറഞ്ഞു. ജാമ്യത്തിനെതിരെ എൻഐഎ നൽകിയ ഹർജിയിലായിരുന്നു കോടതി നിരീക്ഷണം.

2022 ഏപ്രിൽ 16നാണ് പാലക്കാട് ആർഎസ്എസ് നേതാവായിരുന്ന ശ്രീനിവാസൻ കൊല്ലപ്പെട്ടത്. പോപ്പുലർ ഫ്രണ്ട് നേതാവ് എ. സുബൈറിനെ കൊലപ്പെടുത്തിയതിന്റെ പ്രതികാരമായാണ് തൊട്ടടുത്തദിവസം ശ്രീനിവാസനെ കൊലപ്പെടുത്തിയതെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ.

## ഡെപ്യൂട്ടേഷൻ ഒഴിവ്

ഹാർബർ എൻജിനിയറിങ് വകുപ്പ് ചീഫ് എൻജിനിയറുടെ കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ഒഴിവ് ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ മുഖേന നികത്തുന്നതിന് യോഗ്യരായ ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്കിക്യൂട്ടീവ് എൻജിനിയർ തസ്തികയിലോ നിർദ്ദിഷ്ട യോഗ്യതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ തസ്തികയിലോ സേവനമനുഷ്ഠിക്കുന്നവർക്ക് അപേക്ഷിക്കാം. ഇലക്ട്രിക്കൽ എൻജിനിയറിങ് ബിരുദവും സർക്കാർ വകുപ്പുകളിൽ ആകെ 15 വർഷത്ത സേവനവും ആയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ടികക്കൽ) തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത സേവനവും അപേക്ഷകർക്ക് ഉണ്ടായിരിക്കണം. കെ.എസ്.ആർ ഭാഗം 1 ചട്ടം 144 പ്രകാരം നിർദ്ദിഷ്ട പ്രോഫോർമയും വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രവും സഹിതമുള്ള അപേക്ഷകൾ തപാലിലോ ഇ-മെയിൽ മുഖേനയോ നേരിട്ടോ 30ന് വൈകിട്ട് 5 ന് മുൻപ് ചീഫ് എൻജിനിയറുടെ കാര്യാലയം, ഹാർബർ എൻജിനിയറിങ് വകുപ്പ്, കമലേശ്വരം, മണക്കാട് പി.ഒ, തിരുവനവനന്തപുരം 695009 വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക്: 0471-2459365, 2459159, www.hed.kerala.gov.in, ce.hed@kerala.gov.in .

## ക്വട്ടേഷൻ ക്ഷണിച്ചു

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാർ വ്യവസ്ഥയിൽ വാഹനം നൽകാൻ തയ്യാറായുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. താത്പര്യമുള്ളവർ ഏപ്രിൽ 10ന് മുമ്പ് ക്വട്ടേഷൻ സമർപ്പിക്കണം.വിവരങ്ങൾക്ക് : www.minoritywelfare.kerala.gov.in, 0471 2300526, 9497513292.

## സിറ്റിങ് മാറ്റിവച്ചു

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ഏപ്രിൽ 3നു രാവിലെ 11ന് എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ നടത്താനിരുന്ന സിറ്റിങ് മാറ്റിവച്ചു.

## സഹകരണ എക്സ്പോ-2025: റീൽസ് മത്സരം

ഏപ്രിൽ 21 മുതൽ 30 വരെ തിരുവനന്തപുരത്ത് കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ നടക്കുന്ന സഹകരണ എക്സ്പോ-2025 ന്റെ ഭാഗമായി റീൽസ് മത്സരം സംഘടിപ്പിക്കും. സഹകരണ മേഖലയുടെ വളർച്ചയും നവകേരള സൃഷ്ടിയ്ക്കായി സഹകരണ മേഖലയുടെ പങ്ക് എന്നിവ ഉൾപ്പെടുന്ന 60 സെക്കന്റ് ദൈർഘ്യമുള്ള ഒളുശാലിശൈീ 1080ഃ1920 ുശഃലഹഞെുലരശ ഞമശേീ9:16, ഛൃശലിമേശേീ ഢലൃശേരമഹ) മലയാളം റീൽസുകളാണ് പരിഗണിക്കുക. ആദ്യ മൂന്ന് സ്ഥാനം ലഭിക്കുന്നവർക്ക് 25,000, 15,000, 10,000 രൂപ വീതം ക്യാഷ് അവാർഡ് നൽകും. രീൂല്യമശേ്ലലഃു2025@ഴാമശഹ.രീ ലേക്ക് എൻട്രികൾ അയയ്ക്കണം. ഏപ്രിൽ 10നകം എൻട്രികൾ ലഭിക്കണം.

## ജനന രജിസ്ട്രേഷനിൽ ഒറ്റത്തവണ മാറ്റം

കേരളത്തിൽ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ കുട്ടിയുടെയോ മാതാപിതാക്കളുടേയോ പേര് ഗസറ്റ് വിജ്ഞാപനപ്രകാരം മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പ്രകാരം ജനന രജിസ്ട്രേഷനിൽ ഒറ്റത്തവണ മാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു.

## വെക്കേഷൻ കോഴ്സ്

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ ഏപ്രിൽ 7ന് ആരംഭിക്കുന്ന വെക്കേഷൻ/ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

www.lbscentre.kerala.gov.in മുഖേനയും നേരിട്ടും ഏപ്രിൽ 6 വരെ അഡ്മിഷന് അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560333.

## അപേക്ഷ ക്ഷണിച്ചു

സ്കോൾ-കേരള സംസ്ഥാന ഓഫീസിലെ സ്വീപ്പർ തസ്തികയിലെ ഒരു ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. എട്ടാംതരം വിജയിച്ച, ശാരീരിക ക്ഷമതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 2025 ജനുവരി 01 ന് 18 വയസ്സിനും 36 വയസ്സിനും ഇടയിലായിരിക്കണം. നിയമാനുസൃത വയസ്സിളവിന് അർഹതയുള്ളവർക്ക് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വയസ്സിളവ് അനുവദിക്കും. നിർദ്ദിഷ്ട യോഗ്യതയുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ബയോഡാറ്റ സഹിതം ഏപ്രിൽ 15ന് വൈകിട്ട് 5നകം എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 ലഭിക്കുംവിധം നേരിട്ടോ സ്പീഡ്/രജിസ്റ്റേർഡ് പോസ്റ്റിൽ അയക്കുകയോ ചെയ്യണം. കവറിനുപുറത്ത് സ്കോൾ-കേരള സ്വീപ്പർ നിയമനത്തിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തണം

## അന്യത്ര സേവനത്തിനുള്ള അപേക്ഷ ക്ഷണിച്ചു

സംസ്ഥാന നാഷണൽ സർവീസ് സ്കീം ഓഫീസിലെ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവനത്തിന് അപേക്ഷ ക്ഷണിച്ചു. വിവിധ വകുപ്പുകളിലോ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലോ സമാന തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. കെ.എസ്.ആർ റൂൾ 144 പ്രകാരമുള്ള അപേക്ഷയും മാതൃ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും അടങ്ങിയ അപേക്ഷകൾ സംസ്ഥാന എൻ.എസ്.എസ് ഓഫീസർ, സംസ്ഥാന എൻ.എസ്.എസ് ഓഫീസ്, നാലാം നില, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം വിലാസത്തിൽ ഏപ്രിൽ 25ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭിക്കണം. വിശദമായ വിവരങ്ങൾക്ക്: 0471 2308687.

## വെക്കേഷൻ കോഴ്സുകളിൽ രജിസ്റ്റർ ചെയ്യാം

കേരള സർക്കാർ സ്ഥാപനമായ ഐ എച് ആർ ഡി, തിരുവനന്തപുരം മോഡൽ ഫിനിഷിങ് സ്കൂളിൽ എസ് എസ് എൽ സി, പ്ലസ് ടു കഴിഞ്ഞവർക്കുള്ള വെക്കേഷൻ കോഴ്സുകൾക്ക് (കമ്പ്യൂട്ടർ, ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ലൈഫ് സ്കിൽസ് ആന്റ് യോഗ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഐ.ടി, വെബ്ഡിസൈൻ, ടാലി എന്നിവയിൽ 2 മാസ കോഴ്സുകൾ) ഇപ്പോൾ രജിസ്റ്റർ ചെയ്യാം. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഐ എച് ആർ ഡി യുടെ സർട്ടിഫിക്കറ്റ് ലഭിക്കും. വിശദവിവരങ്ങൾക്ക് 9447005050, വെബ്സൈറ്റ്: www.modelfinishingschool.org.

# കെ.എസ്.ഡി.പി മെഡി മാർട്ട് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും

## കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ അൻപതാം വാർഷികാഘോഷം ഏപ്രിൽ 8ന്

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ അൻപതാം വാർഷികാഘോഷ പരിപാടികളുടെയും കെ.എസ്.ഡി.പി മെഡി മാർട്ടിന്റെയും ഉദ്ഘാടനം ഏപ്രിൽ 8ന് രാവിലെ 10ന് ആലപ്പുഴ കെ.എസ്.ഡി.പി അങ്കണത്തിൽ വ്യവസായ-നിയമ-കയർ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിക്കും.കെ.എസ്.ഡി.പി പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായാണ് മെഡി മാർട്ട് ആരംഭിക്കുന്നത്. ഇവിടെ മരുന്നുകൾ 10 മുതൽ 20 % വരെ വിലക്കുറവിൽ ലഭ്യമാക്കും. 5 കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി സംവിധാനവുമുണ്ടാകും.കെ സി വേണുഗോപാൽ എം.പി., പി പി ചിത്തരഞ്ജൻ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രെട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, കെ.എസ്.ഡി.പി ചെയർമാൻ സി ബി ചന്ദ്രബാബു, കെ.എസ്.ഡി.പി മാനേജിങ് ഡയറക്ടർ ഇ എ സുബ്രമണ്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# കെട്ടിട നിർമാണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ആശ്രിതർക്ക് സിവിൽ സർവീസ് പരിശീലനം

നിർമാണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ആശ്രിതർക്ക് സിവിൽ സർവീസ് പരീക്ഷയ്ക്ക് തയാറെടുക്കുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (കിലെ) അക്കാദമിക് ഡിവിഷനായ കിലെ ഐ.എ.എസ് അക്കാദമിയുടെ 2025-26 വർഷത്തെ പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു. ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ആശ്രിതർക്ക് കോഴ്സ് നിരക്കിൽ 50 ശതമാനം സബ്സിഡിയുണ്ട്. തൊഴിലാളിയുമായുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കണം. അപേക്ഷ നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങളും രജിസ്ട്രേഷൻ ലിങ്കും www.kile.kerala.gov.in/kileiasacademy യിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2479966, 8075768537.

# സെനറ്റ് തെരഞ്ഞെടുപ്പിനെ ചൊല്ലി സംഘർഷം: കെഎസ്യു-എസ്എഫ്ഐ പ്രവർത്തകർ തെരുവിൽ ഏറ്റുമുട്ടി

തിരുവനന്തപുരം: കേരള സർവകലാശാലയ്ക്കു മുന്നിൽ എസ്എഫ്ഐ - കെഎസ്യു സംഘർഷം. സെനറ്റ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള സൂക്ഷ്മ പരിശോധനയ്ക്കിടെയാണ് ഇന്നലെ വൈകുന്നേരം അഞ്ചോടെ സംഘർഷമുണ്ടായത്. ഈ മാസം പത്തിനാണ് സെനറ്റ് തെരഞ്ഞെടുപ്പും യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പും നടക്കുന്നത്.

സൂക്ഷ്മ പരിശോധനയെ ചൊല്ലിയുണ്ടായ തർക്കം സംഘർഷത്തിലേക്കു നീങ്ങിയതോടെ വൻ പോലീസ് സംഘമാണ് സ്ഥലത്തെത്തിയത്. പോലീസെത്തി പ്രവർത്തകരെ നീക്കിയതോടെയാണ് സംഘർഷം അവസാനിച്ചത്. ജില്ലാ നേതാക്കളെ ഉൾപ്പെടെ എസ്എഫ്ഐ പ്രവർത്തകർ പോലീസിന്റെ സാന്നിധ്യത്തിൽ മർദിച്ചുവെന്നു കെഎസ്യു ആരോപിച്ചു.

യൂണിവേഴ്സിറ്റി കാമ്പസിനുള്ളിൽ പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കുമ്പോൾ തന്നെ എസ്എഫ് ഐ പ്രവർത്തകർ സംഘർഷത്തിനുള്ള ശ്രമത്തിലായിരുന്നുവെന്നും കെഎസ്യു ആരോപിച്ചു.

യൂണിവേഴ്സിറ്റി വളപ്പിൽ അക്രമത്തിനുള്ള സാധ്യത മുന്നിൽക്കണ്ട് വൻ പോലീസ് സന്നാഹത്തെ ഇവിടെ വിന്യസിപ്പിച്ചിരുന്നു. പിന്നീട് സൂക്ഷ്മ പരിശോധന അവസാനിച്ച ശേഷം കേരള യൂണിവേഴ്സിറ്റിക്കു മുന്നിലെ ആശാൻ സ്ക്വയറിലേക്കും സംഘർഷം നീളുകയായിരുന്നു. അതേസമയം, കെഎസ്യുവാണു സംഘർഷത്തിനു പിന്നിലെന്ന് എസ്എഫ്ഐയും കുറ്റപ്പെടുത്തി. വൈകുന്നേരം ഏഴുമണിയോടെയാണ് പ്രവർത്തകർ പിരിഞ്ഞുപോയത്.

# ശമ്പളത്തിൽ വീണ്ടും വർധന; പിഎസ്സി ചെയർമാനും അംഗങ്ങൾക്കും കേന്ദ്രനിരക്കിൽ ഡിഎ

തിരുവനന്തപുരം: കേരള പിഎസ്സി ചെയർമാനും അംഗങ്ങൾക്കുമുള്ള ക്ഷാമബത്ത കേന്ദ്രനിരക്കിൽ. കേന്ദ്രസർക്കാർ ജീവനക്കാരുടെ ഡിഎ ഉയർത്തിയതോടെ പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളത്തിൽ വീണ്ടും വർധന വന്നു. കേന്ദ്ര ഡിഎ 53 ശതമാനത്തിൽനിന്ന് 55 ശതമാനമാക്കി മുൻകാല പ്രാബല്യത്തോടെ കഴിഞ്ഞ ദിവസം ഉയർത്തിയിരുന്നു.

കേരള പിഎസ്സി ചെയർമാനും അംഗങ്ങൾക്കും കേന്ദ്ര സർക്കാർ നിരക്കിലാണു ക്ഷാമബത്ത അനുവദിക്കുന്നതെന്നു കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മുസ്‌ലിംലീഗിലെ എൻ. ഷംസുദീന്റെ ചോദ്യത്തിനു മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകിയിരുന്നു. എച്ച്ആർഎ, കൺവെയ്ൻസ് അലവൻസ് എന്നിവ നിലവിൽ ലഭിച്ചുകൊണ്ടിരുന്ന നിരക്കിൽ തുടർന്നും ലഭിക്കുമെന്നും പറയുന്നു. രണ്ടു മാസം മുൻപു പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം മന്ത്രിസഭായോഗം കുത്തനെ വർധിപ്പിച്ചിരുന്നു. ലക്ഷങ്ങൾ വർധിപ്പിച്ചത് ഏറെ വിവാദങ്ങൾക്കും ഇടയാക്കിയിരുന്നു. ഇതിനു പിന്നാലെയാണു ക്ഷാമബത്തയിൽ രണ്ടു ശതമാനം വർധന വരുന്നത്.2025 ജനുവരി മുതലുള്ള ക്ഷാമബത്ത കുടിശികയും ഇവർക്ക് പണമായി ലഭിക്കും. കേന്ദ്ര നിരക്കിലെ ക്ഷാമബത്ത വർധിക്കുന്നതോടെ പിഎസ്സി ചെയർമാന്റെ ക്ഷാമബത്ത 1,23,255 രൂപയായി. ചെയർമാന്റെ അടിസ്ഥാന ശമ്പളം 2,24,100 രൂപയാണ്. അതിന്റെ 55 ശതമാനമാണു ക്ഷാമബത്തയായി ലഭിക്കുക. പിഎസ്സി അംഗങ്ങളുടെ ക്ഷാമബത്ത 1,20, 500 രൂപയായി ഉയരും. അംഗങ്ങളുടെ അടിസ്ഥാന ശമ്പളം 2,19,090 രൂപയാണ്. 20 പേരാണു നിലവിൽ പിഎസ്സിയിൽ ഉള്ളത്.

# വഖഫ് ബില്ലിനെ മുനമ്പവുമായി കൂട്ടിയിണക്കി സംഘർഷമാക്കി മാറ്റാൻ ശ്രമിക്കുന്നു; പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം : ഒരു മതവിഭാഗത്തിന്റെ അവകാശങ്ങൾ ഹനിക്കുന്നതിനും അവരെ ദ്രോഹിക്കുന്നതിനും വേണ്ടി സംഘ്പരിവാർ അജണ്ടയുടെ ഭാഗമായുള്ളതാണ് വഖഫ് ബിൽ ഭേദഗതി. അതിനെ കോൺഗ്രസ് എതിർക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ഇവിടെ ചിലർ മുനമ്പം വിഷയത്തെയും വഖഫ് ബില്ലിനെയും കൂട്ടിക്കെട്ടാൻ ശ്രമിച്ചു. മുൻകാല പ്രാബല്യമില്ലെന്ന് കേന്ദ്ര മന്ത്രി തന്നെ ഇപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ പാസാക്കുന്ന വഖഫ് ബിൽ എങ്ങനെയാണ് മുനമ്പത്തെ ജനങ്ങളെ സഹായിക്കുന്നതെന്നു കൂടി ഈ പ്രചരണം നടത്തുന്നവർ വ്യക്തമാക്കണം. പ്രതിപക്ഷ നേതാവ് പറവൂർ കൂനമ്മാവിൽ മാധ്യമങ്ങളോട് പറഞ്ഞത്.

മുനമ്പത്തെ വിഷയം സംസ്ഥാനത്ത് തന്നെ പരിഹരിക്കാവുന്നതേയുള്ളൂ. സംസ്ഥാന സർക്കാരും അവർ നിയമിച്ച വഖഫ് ബോർഡും തീരുമാനിച്ചാൽ പരിഹാരമുണ്ടാക്കാൻ കഴിയും. മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന നിലപാടാണ് തുടക്കം മുതൽക്കെ യു. ഡി. എഫ് സ്വീകരിച്ചത്. പണം വാങ്ങിയാണ് ഫറൂഖ് കോളജ് ഭൂമി നൽകിയത്. വഖഫ് ഒരിക്കലും കണ്ടീഷണലാകാൻ പാടില്ല.

ബിൽ പാസായെന്നു കരുതി മുനമ്പത്തെ വിഷയം പരിഹരിക്കാനാകില്ല. വഖഫ് ബില്ലിനെ മുനമ്പവുമായി കൂട്ടിയിണക്കി രണ്ട് മതവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷമാക്കി മാറ്റാനാണ് കുറെ ആളുകൾ ശ്രമിക്കുന്നത്. അതിന് സംസ്ഥാന സർക്കാർ കുടപിടിച്ചു കൊടുക്കാൻ പാടില്ല. അതാണ് സംസ്ഥാന സർക്കാരിനോടുള്ള എതിർപ്പ്. രണ്ട് ന്യൂനപക്ഷ മതവിഭാഗങ്ങളെ തമ്മിലടിപ്പിച്ച് സംഘർഷമുണ്ടാക്കുക എന്നതാണ് സംഘ്പരിവാറിന്റെ അജണ്ട. ഞങ്ങൾ അത് പരിഹരിക്കാൻ ശ്രമിച്ചവരാണ്. പാണക്കാട് തങ്ങൾ ഉൾപ്പെടെയുള്ളവർ മലപ്പുറത്ത് നിന്നും എറണാകുളത്തെ രൂപതാ ആസ്ഥാനത്ത് വന്ന് മുനമ്പത്തെ ജനങ്ങളെ കുടിയിറക്കാൻ അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതു തന്നെയാണ് യു. ഡി. എഫ് നിലപാട്. ദേശീയതലത്തിലും നേരത്തെ സ്വീകരിച്ച നിലപാട് അനുസരിച്ചുള്ള വിപ്പാണ് കോൺഗ്രസ് നേതൃത്വം എം. പിമാർക്ക് നൽകിയത്.

യു. ഡി. എഫ് നിലപാട് എല്ലാവർക്കും അറിയാം. കോൺഗ്രസ് ദേശീയ നേതൃത്വമാണ് കേരളത്തിൽ നിന്നുള്ള കോൺഗ്രസ് എം. പിമാർക്ക് ഉൾപ്പെടെ വിപ്പ് നൽകിയത്. പാർലമെന്റിന്റെ ഇരു സഭകളിലും ജെ. പി. സിയിലും വഖഫ് ബില്ലിന് എതിരായ നിലപാടാണ് കോൺഗ്രസ് ഉൾപ്പെടെയുള്ള കക്ഷികൾ സ്വീകരിച്ചത്. അതേ നിലപാട് തന്നെയാണ് ബിൽ പരിഗണിച്ചപ്പോഴും സ്വീകരിച്ചത്. ബിൽ പരിഗണിക്കുമ്പോൾ മറ്റൊരു നിലപാട് എടുക്കാനാകില്ല.

വർഗീയമായ സംഘർഷം ഉണ്ടാകാതിരിക്കാനാണ് ശ്രമിക്കേണ്ടത്. വഖഫ് ബില്ലും മുനമ്പം വിഷയവും തമ്മിൽ ഒരു ബന്ധവുമില്ല. കേന്ദ്രത്തിലും കേരളത്തിലും പ്രതിപക്ഷത്ത് ഇരിക്കുന്ന പാർട്ടിയാണ്. നാളെ ചർച്ച് ബിൽ വന്നാലും ഇതേ നിലപാട് സ്വീകരിക്കും. ദേശീയ തലത്തിൽ ക്രൈസ്തവരാണ് ഏറ്റവും കൂടുതൽ ആക്രമണങ്ങൾക്ക് വിധേയരാകുന്നത്. ക്രൈസ്തവരെ ആക്രമിക്കുന്നത് സംഘ്പരിവാറുകാരാണ്. കഴിഞ്ഞ ദിവസമാണ് ജബൽപൂരിൽ തീർത്ഥാടനം നടത്തിയിരുന്ന ക്രൈസ്തവർക്കെതിരെ ആക്രമണം നടത്തിയത്. തൃശൂർ സ്വദേശിയായ ഫാദർ ഡേവിസിനെ പൊലീസിന് മുന്നിൽ വച്ചാണ് ക്രൂരമായി ആക്രമിച്ചത്. വിശ്വാസികളെ പൊലീസ് സ്റ്റേഷനിൽ എത്തിച്ചാണ് മർദ്ദിച്ചത്.

മുനമ്പത്തേത് വഖഫ് ഭൂമി അല്ലെന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. വഖഫ് ബോർഡും സംസ്ഥാന സർക്കാരും ഇടപെട്ട് മുനമ്പത്തെ ജനങ്ങൾക്ക് അവരുടെ ഭൂമിയിൽ സ്ഥിരമായ അവകാശം നൽകണം. അതു ചെയ്യാതെയാണ് കമ്മിഷനെ നിയോഗിച്ചത്. കോടതിക്ക് പുറത്തു വച്ചു തന്നെ മുമ്പത്തെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാകും. എന്തിനാണ് മുനമ്പം വിഷയത്തെയും വഖഫ് ബില്ലിനെയും കൂട്ടിക്കുഴയ്ക്കുന്നത്. മുനമ്പം വിഷയം ഇവിടെ പരിഹരിക്കാനാകും. സമരക്കാരുമായി നേരിട്ട് തന്നെ ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. ജോസ് കെ മാണിയുടെ നിലപാട് അവരുടെ പാർട്ടിയുടെ നിലപാടാണ്. മുനമ്പം നിവസികൾക്ക് അവരുടെ ഭൂമിയിൽ സ്ഥിരമായ അവകാശം നൽകണമെന്നതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും യു. ഡി. എഫിന്റെയും നിലപാട്. വഖഫ് ഭൂമി അല്ലെന്ന നിലപാട് വഖഫ് ബോർഡ് സ്വീകരിക്കണം. മുമ്പത്തേത് വഖഫ് ഭൂമി അല്ലെന്ന നിലപാട് പ്രതിപക്ഷ നേതാവെന്ന നിലയിൽ ഞാനാണ് ആദ്യമായി സ്വീകരിച്ചത്. ഇതിന് മുൻപുള്ള ഹൈക്കോടതി വിധി ഉൾപ്പെടെ ചൂണ്ടിക്കാട്ടിയാണ് ആ നിലപാട് സ്വീകരിച്ചത്. വി. എസ് അച്യുതാനന്ദന്റെ കാലത്ത് നിയോഗിച്ച നിസാർ കമ്മിഷനാണ് ഈ ഭൂമി ആദ്യമായി വഖഫ് ആണെന്നു പറഞ്ഞത്. അതിനു പിന്നാലെ വന്ന യു. ഡി. എഫ് സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. എന്നിട്ടാണ് കരം അടയ്ക്കരുതെന്നു കാട്ടി 2019-ൽ നോട്ടീസ് നൽകിയത്. അത് തെറ്റാണ്. മുനമ്പത്തെ ജനങ്ങളുടെ കയ്യിൽ നിന്നും പണം വാങ്ങിയിട്ട് വഖഫ് എന്ന് പറയുന്നത് ശരിയല്ല. വഖഫ് എന്നാൽ ദൈവത്തിന് സമർപ്പിക്കുന്നതാണ്. വഖഫ് പെർമനന്റ് ഡെഡിക്കേഷനാണ്. ആളുകൾ താമസിക്കുന്ന ഭൂമിയും വഖഫ് ആക്കാൻ പറ്റില്ല. ഫറൂഖ് കോളജും ഈ ഭൂമി വഖഫ് അല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ദാനം കിട്ടിയ ഭൂമി ആയതു കൊണ്ടാണ് അവർ പണം വാങ്ങി വിറ്റത്. ഇതൊക്കെ സർക്കാരിനും അറിയാം. എന്നിട്ടാണ് കേരള സർക്കാർ നിയമിച്ച വഖഫ് ബോർഡ് മുനമ്പത്തെ ഭൂമി വഖഫ് ആണെന്ന നിലപാട് സ്വീകരിച്ചത്. സംഘ്പരിവാർ പോലുള്ള ദുഷിച്ച ചിന്ത കേരളത്തിലെ സി. പി. എം നേതാക്കൾക്ക് ഇടയിലുമുണ്ട്. വൈകിപ്പിച്ച് രണ്ട് മതവിഭാഗങ്ങൾ തമ്മിൽ സംഘർഷമുണ്ടായി എന്തെങ്കിലും ലാഭം കിട്ടുമോയന്നാണ് സി. പി. എം നോക്കുന്നത്. ഒരാൾക്കും ഒരു ലാഭവും കിട്ടാൻ പോകുന്നില്ല. കേരളം മതേതരമാണെന്ന് ജനങ്ങൾ തെളിയിക്കും.

ബി. ജെ. പി പാസാക്കിയ ബില്ലിൽ മുനമ്പത്തെ പ്രശ്നം പരിഹരിക്കാനുള്ള വകുപ്പൊന്നുമില്ല. മുൻകാല പ്രബല്യം ഇല്ലെന്ന് കേന്ദ്ര മന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. ബി. ജെ. പി സംസ്ഥാന അധ്യക്ഷൻ മുനമ്പം സന്ദർശിക്കുന്നത് അവരുടെ ഇഷ്ടമാണ്. പച്ചവെള്ളത്തിന് തീപിടിപ്പിക്കുന്ന വർഗീയതയാണ് ഉണ്ടാക്കാൻ ശ്രമിക്കുന്നത്. ലത്തീൻ സമുദായവുമായി ബന്ധപ്പെട്ടവരാണ് മുനമ്പത്ത് സമരം ചെയ്യുന്നത്. ഇപ്പോൾ ഇതൊക്കെ പറയുന്നവർ 140 ദിവസം അവർ വിഴിഞ്ഞത്ത് സമരം ചെയ്തപ്പോൾ അങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല. അവിടെ ഒന്നാമത്തെ ദിനം മുതൽ നൂറ്റിനാൽപതാമത്തെ ദിനം വരെ ഞങ്ങൾ വിഴിഞ്ഞത്തെ സമരത്തിനൊപ്പമുണ്ടായിരുന്നു. അന്ന് ഞങ്ങൾ അഡാനിക്കൊപ്പമല്ലായിരുന്നു. മുനമ്പത്തെ വിഷയം പരിഹരിക്കാതെ നീട്ടിക്കൊണ്ടു പോയി സംഘ്പരിവാർ അജണ്ടയ്ക്ക് സംസ്ഥാന സർക്കാർ കുടപിടിച്ചു കൊടുക്കുകയാണ്. തെരഞ്ഞെടുപ്പായതു കൊണ്ട് ഇതിൽ നിന്നും വല്ലതും കിട്ടുമോയെന്നാണ് നോക്കുന്നത്. ഒന്നും കിട്ടില്ല.

നടിയെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ഒരു ക്രിമിനലിന്റെ വെളിപ്പെടുത്താലാണ് പുറത്തു വന്നിരിക്കുന്നത്. അതിൽ എന്തെങ്കിലും സത്യാവസ്ഥയുണ്ടെങ്കിൽ അന്വേഷണ സംഘം നിയമപരമായ രീതിയിൽ തെളിവെടുപ്പ് നടത്തി. പുതിയ തെളിവുകൾ എന്തെങ്കിലുമുണ്ടെങ്കിൽ വിചാരണ വേളയിൽ കോടതിയിൽ അവതരിപ്പിക്കണം. അതാണ് നടപടിക്രമം.

## മമത സർക്കാരിന് തിരിച്ചടി; 25,000 അധ്യാപക–അനധ്യാപക നിയമനം റദ്ദാക്കി സുപ്രീംകോടതി

ന്യൂഡൽഹി: പശ്ചിമ ബംഗാളിൽ മമത ബാനർജി സർക്കാരിന് കനത്ത തിരിച്ചടി. 25,000 അധ്യാപക -അനധ്യാപകരെ നിയമിച്ച സർക്കാർ നടപടി തടഞ്ഞ് സുപ്രീംകോടതി. സെലക്ഷൻ പ്രക്രിയയിൽ വഞ്ചനയും കൃത്രിമത്വവും ആരോപിച്ചാണ് പശ്ചിമബംഗാളിൽ 25,000 ലധികം അധ്യാപക-അനധ്യാപക നിയമനം സുപ്രീംകോടതി റദ്ദാക്കിയത്.

പശ്ചിമ ബംഗാൾ സ്കൂൾ സർവീസ് കമ്മീഷന്റെ കീഴിലുള്ള നിയമനങ്ങൾ റദ്ദാക്കി നേരത്തേ കൽക്കട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സുപ്രീംകോടതി ശരിവയ്ക്കുകയായിരുന്നു. ഹൈക്കോടതി ഉത്തരവിൽ ഇടപെടാൻ ഒരു കാരണവും കാണുന്നില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി.

ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്നയും ജസ്റ്റീസ് പി. വി. സഞ്ജയ് കുമാറും അടങ്ങിയ ബെഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. നിയമനങ്ങൾ വഞ്ചനയിൽ നിന്നാണ് ഉണ്ടായതെന്നും അതിനാൽ വഞ്ചനാപരമാണെന്നും കോടതി നിരീക്ഷിച്ചു.

മൂന്ന് മാസത്തിനുള്ളിൽ പുതിയ സെലക്ഷൻ പ്രക്രിയ പൂർത്തിയാക്കാൻ കോടതി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ഈ പുതിയ പ്രക്രിയയിൽ വിജയിക്കുന്നവർ 2016-ൽ നിയമനം ലഭിച്ചതിനുശേഷം നേടിയ ശമ്പളം തിരികെ നൽകേണ്ടതില്ല. എന്നാൽ അങ്ങനെ വിജയിക്കാത്തവർ അത് തിരികെ നൽകണം. വികലാംഗർക്ക് കോടതി ഇളവ് നൽകുകയും അവർക്ക് നിലവിലുള്ള തസ്തികയിൽ തുടരാമെന്നും വ്യക്തമാക്കി.

## സഹോദരനെ മർദിച്ച് യുവതിയെ ബലാത്സംഗംചെയ്തു; സംഭവം ബെംഗളൂരുവിൽ, പ്രതികൾ പിടിയിൽ

ബെംഗളൂരു: കെആർ പുരം റെയിൽവേ സ്റ്റേഷന് സമീപം സഹോദരനെ മർദിച്ച് അവശനാക്കിയശേഷം ബിഹാർ സ്വദേശിയായ യുവതിയെ ബലാത്സംഗം ചെയ്ത സംഭവത്തിൽ രണ്ടുപേർ അറസ്റ്റിൽ. കർണാടക കോലാർ സ്വദേശികളായ ആസിഫ്, സയ്യിദ് മുസ്ഹർ എന്നിവരെയാണ് പോലീസ് പിടികൂടിയത്. യുവതിയെ ബലാത്സംഗംചെയ്തത് ആസിഫാണെന്നും യുവതിയുടെ സഹോദരനെ മർദിച്ച് അവശനാക്കിയത് സയ്യിദ് മുസ്ഹറാണെന്നും വൈറ്റ്ഫീൽഡ് ഡെപ്യൂട്ടി കമ്മീഷണർ പറഞ്ഞു. സംഭവത്തിൽ അന്വേഷണം തുടരുകയാണെന്നും കമ്മീഷണർ അറിയിച്ചു.

ബുധനാഴ്ച പുലർച്ചെ ഒന്നരയോടെ കെആർ പുരം റെയിൽവേ സ്റ്റേഷന് സമീപത്താണ് യുവതി ബലാത്സംഗത്തിനിരയായത്. കൊച്ചിയിൽ ജോലിചെയ്യുന്ന ബിഹാർ സ്വദേശിയായ യുവതി നാട്ടിൽ പോകാനാണ് ബെംഗളൂരുവിലെത്തിയത്. കഴിഞ്ഞദിവസം കൊച്ചിയിൽനിന്ന് യാത്രതിരിച്ച യുവതി അർധരാത്രിയോടെ ട്രെയിനിൽ ബെംഗളൂരുവിലെത്തി. ബെംഗളൂരുവിലേക്ക് വരുന്നവിവരം ഇവിടെ ജോലിചെയ്യുന്ന അമ്മാവന്റെ മകനെ യുവതി നേരത്തെ അറിയിച്ചിരുന്നു. ബന്ധുവിന്റെ നിർദേശപ്രകാരമാണ് യുവതി കെആർ പുരം സ്റ്റേഷനിൽ ട്രെയിനിറങ്ങിയത്. തുടർന്ന് ഇരുവരും ഭക്ഷണം കഴിക്കാനായി മഹാദേവപുര ഭാഗത്തേക്ക് പോയി. ഇതിനിടെയാണ് ഓട്ടോറിക്ഷയിലെത്തിയ പ്രതികൾ ഇവരെ ആക്രമിച്ചത്.

ഓട്ടോയിലെത്തിയ പ്രതികളിൽ ഒരാൾ യുവതിയുടെ ബന്ധുവിനെ ബലംപ്രയോഗിച്ച് കീഴ്പ്പെടുത്തുകയും പിടിച്ചുവെയ്ക്കുകയുമായിരുന്നു. ഇതിനിടെ ഒപ്പമുണ്ടായിരുന്ന മറ്റൊരാൾ യുവതിയെ ആളൊഴിഞ്ഞസ്ഥലത്തേക്ക് വലിച്ചിഴച്ച് കൊണ്ടുപോവുകയും ബലാത്സംഗത്തിനിരയാക്കുകയുംചെയ്തു. ബഹളവും കരച്ചിലും കേട്ടെത്തിയ നാട്ടുകാരാണ് യുവതിയെ രക്ഷിച്ചത്. ഇതിനിടെ ഓടിരക്ഷപ്പെടാൻ ശ്രമിച്ച പ്രതികളിൽ ഒരാളെ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. ഇതിനുപിന്നാലെ രണ്ടാമത്തെ പ്രതിയെയും പോലീസ് പിടികൂടുകയായിരുന്നു.

## വിവാഹം നടത്താൻ ഒരു വർഷം കാത്തിരിക്കാൻ ആവശ്യപ്പെട്ടു; യുവാവ് കാമുകിയെ കുത്തി, അമ്മയെ കൊലപ്പെടുത്തി

വിശാഖപട്ടണം: വിവാഹം നടത്താൻ ഒരു വർഷം കാത്തിരിക്കാൻ ആവശ്യപ്പെട്ടതിൽ പ്രകോപിതനായ യുവാവ്, യുവതിയെ കുത്തിപ്പരിക്കേൽപ്പിച്ചു. തടയാൻ ശ്രമിച്ച യുവതിയുടെ അമ്മയെ കുത്തിക്കൊന്നു. വിശാഖപട്ടണത്താണ് സംഭവം. നവീൻ എന്നയാളാണ് ആക്രമണം നടത്തിയതെന്ന് വിശാഖപട്ടണം പോലീസ് കമ്മീഷണർ ശങ്ക ബ്രത ബാഗ്ചി പറഞ്ഞു. നവീനും നക്ക ദീപിക(20) എന്ന പെൺകുട്ടിയും കഴിഞ്ഞ ആറു വർഷമായി പ്രണയത്തിലായിരുന്നു. വിവാഹത്തെക്കുറിച്ച് സംസാരിച്ചപ്പോൾ ഒരു വർഷം കഴിഞ്ഞ് നടത്താമെന്ന് ദീപികയുടെ പിതാവ് നവീനോടു പറഞ്ഞു.

ബുധനാഴ്ച ഉച്ചയ്ക്ക് 12.30 ഓടെ വിശാഖപട്ടണത്തെ കൊമ്മാടി പ്രദേശത്തെ സ്വയംകൃഷി നഗറിലുള്ള ദീപികയുടെ വീട്ടിലേക്ക് കത്തിയുമായി എത്തിയ നവീൻ, ദീപികയെ കുത്തി. തടയാൻ ശ്രമിച്ച ദീപികയുടെ അമ്മ ലക്ഷ്മി(43)യെയും നവീൻ ആക്രമിച്ചു. ലക്ഷ്മി സംഭവസ്ഥലത്ത് തന്നെ മരിച്ചു. ഗുരുതരമായി പരിക്കേറ്റ ദീപിക ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിന് പിന്നാലെ നവീൻ ഓടിരക്ഷപെട്ടു. തുടർന്ന് ശ്രീകാകുളം ജില്ലയ്ക്ക് സമീപത്ത് നിന്നുമാണ് നവീനെ അറസ്റ്റ് ചെയ്തത്.

## ജബൽപൂരിലെ വിഎച്ച്പി ആക്രമണം; ക്രൂരമർദനത്തിന് ഇരയായെന്ന് വൈദികർ

ജബൽപൂർ: മധ്യപ്രദേശിലെ ജബൽപൂരിൽ ക്രൈസ്തവ വിശ്വാസി സംഘത്തെ വിഎച്ച്പി പ്രവർത്തകർ ആക്രമിച്ച സംഭവത്തിന്റെ ദൃശ്യങ്ങൾ പുറത്ത്. തങ്ങൾ ക്രൂരമർദനത്തിന് ഇരയായെന്ന് മലയാളികളായ ഫാദർ ഡേവിസ് ജോർജും ഫാദർ ജോർജും പ്രതികരിച്ചു.

ജയ് ശ്രീറാം വിളിച്ച് സംഘമായി എത്തിയവർ മർദിക്കുകയും അസഭ്യം പറയുകയും ചെയ്തു. ഉദ്യോഗസ്ഥരുടെ മുന്നിലിട്ടായിരുന്നു മർദനം. നിർബന്ധിത മതപരിവർത്തനം നടത്തുന്നു എന്നാരോപിച്ചായിരുന്നു ആക്രമണം. മണ്ഡ്‌ല ഇടവകയിൽ നിന്നുള്ള ഒരു കൂട്ടം കത്തോലിക്ക വിശ്വാസികൾ ജബൽപൂരിലെ വിവിധ കത്തോലിക്ക പള്ളികളിലേക്ക് തീർഥാടനം നടത്തുന്നതിനിടെയായിരുന്നു തീവ്ര ഹിന്ദുത്വവാദികളുടെ ആക്രമണം.

തീർഥാടനം തടസപ്പെടുത്തി അവരെ ഓംതി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയായിരിന്നു. പോലീസ് അവരെ വിട്ടയച്ചതിനെ തുടർന്നു വിശ്വാസികൾ വീണ്ടും മറ്റൊരു പള്ളിയിൽ തീർഥാടനം ആരംഭിച്ചതിനിടെ അക്രമികൾ അവരെ തടഞ്ഞുനിർത്തി റാഞ്ചി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

വൈദികരെയും വിശ്വാസികളെയും മർദിച്ച ഹിന്ദുത്വവാദികൾ ഭീഷണിയും മുഴക്കി. സംഭവത്തെ സിബിസിഐ അപലപിച്ചിരുന്നു. മതസ്വാതന്ത്ര്യത്തിനും മനുഷ്യന്റെ അന്തസിനും നേരെയുള്ള ആക്രമണമാണെന്ന് സംഘടന ചൂണ്ടിക്കാട്ടി. ഭരണഘടനാ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സിബിസിഐ ആവശ്യപ്പെട്ടിരുന്നു.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2024 ഓക്ടോബർ 18, 19 2025 ജനുവരി 30, 31 തീയതികളിൽ തിരുവനന്തപുരം/ കോഴിക്കോട്/ താമരശ്ശേരി കേന്ദ്രങ്ങളിൽ നടത്തിയ ചെയിൻ സർവെ ലോവർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സർവെ ഡയറക്ടറേറ്റിലും (www.dslr.kerala.gov.in) വെബ്സൈറ്റിലും ബന്ധപ്പെട്ട സർവെ ഓഫീസുകളിലും പരീക്ഷാഫലം പരിശോധനയ്ക്ക് ലഭിക്കും.

## ഇറക്കുമതി തീരുവകൾ പ്രഖ്യാപിച്ച് ട്രംപ്;ഇന്ത്യക്ക് തിരിച്ചടി, 26 ശതമാനം ഇറക്കുമതി തീരുവ ചുമത്തി

വാഷിംഗ്ടൺ: വിദേശ രാജ്യങ്ങൾക്ക് ഇറക്കുമതി തീരുവകൾ പ്രഖ്യാപിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണാൾഡ് ട്രംപ്. 26 ശതമാനം തീരുവയാണ് ഇന്ത്യക്ക് മേൽ ചുമത്തിയത്. ഇന്ത്യക്ക് വലിയ തിരിച്ചടിയാണ് അമേരിക്കയുടെ ഈ തീരുമാനം.

ഇന്ത്യൻ ഇറക്കുമതിക്ക് 26 ശതമാനം, ചൈനക്കെതിരെ 34 ശതമാനം, യൂറോപ്യൻ യൂണിയൻ 20 ശതമാനം, ജപ്പാൻ 24 ശതമാനം എന്നീ രാജ്യങ്ങൾക്കാണ് കൂടുതൽ നികുതി ചുമത്തിയത്. അമേരിക്കയിൽ എത്തുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും 10 ശതമാനം തീരുവ ചുമത്തി. ഇതിനു പുറമേയാണ് ഈ നിരക്ക് വരുന്നതെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് അധിക തീരുവ ചുമത്തുന്ന രാജ്യങ്ങൾക്കാണ് ട്രംപ് കൂടുതൽ നികുതി ചുമത്തിയത്. 10 ശതമാനമുള്ള തീരുവ ഏപ്രിൽ അഞ്ച് മുതലും രാജ്യങ്ങൾക്കുള്ള കൂടിയ തീരുവ ഏപ്രിൽ ഒൻപതിനുമാണ് പ്രാബല്യത്തിൽ വരിക.

പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ പ്രീയപ്പെട്ട സുഹൃത്താണെന്ന് ട്രംപ് കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. എന്നാൽ 52 ശതമാനം തീരുവയാണ് അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് ഇന്ത്യ ചുമത്തുന്നത്.

അതുകൊണ്ട് ഇന്ത്യക്ക് മേൽ 26 ശതമാനം തീരുവ ചുമത്തുന്നുവെന്ന് ട്രംപ് പറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് ഇപ്പോൾ വിദേശ രാജ്യങ്ങൾക്ക് അമേരിക്ക ഇറക്കുമതി തീരുവകൾ പ്രഖ്യാപിച്ചത്.

അമേരിക്കയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട ദിവസമാണിതെന്നും ട്രംപ് പ്രഖ്യാപിച്ചു. യുഎസ് എന്ന വ്യവസായിക ശക്തിയുടെ പുനർജന്മമാകും ഇനി കാണുകയെന്നും യുഎസ് ഒരിക്കൽ കൂടി സമ്പന്നമാകുമെന്നും ട്രംപ് മാധ്യമങ്ങളോട് പറഞ്ഞു.

## വാക്–ഇൻ–ഇന്റർവ്യൂ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ (പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം) സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ/പ്രോഗ്രമർ ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷക്കാലത്തേക്ക് (മികവിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതാണ്) നിയമനം നടത്തുന്നതിനായി താഴെപ്പറയുന്ന യോഗ്യതയുള്ളവർക്കായി ഏപ്രിൽ 7ന് രാവിലെ 11ന് പരീക്ഷാഭവനിൽ വാക്-ഇൻ-ഇന്റർവ്യു നടത്തും. നിശ്ചിത യോഗ്യതയുള്ളവർ അന്നേ ദിവസം അസൽ രേഖകൾ സഹിതം ഹാജരാകണം. വിദ്യാഭ്യാസ യോഗ്യത: എം.ടെക് (ഐ.ടി/സി.എസ്)/ എം.സി.എ/ എം.എസ്.സി (ഐ.ടി/സി.എസ്), ബി.ടെക് (ഐ.ടി/സി.എസ്) എന്നിവയിൽ ഏതെങ്കിലും റെഗുലർ ഫുൾടൈം കോഴ്സുകൾ പാസ്സായിരിക്കണം.

(കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ളത്.) അഭിലഷണീയ യോഗ്യതകൾ: കമ്പ്യൂട്ടർ നെറ്റ്വർക്കിലുള്ള പരിജ്ഞാനം, ഡി.ബി.എം.എസ്, നെറ്റ്വർക്ക് ഓപ്പറേറ്റിങ് സിസ്റ്റംസ്. ടെക്നിക്കൽ: PHP, PostgreSQL, MySQL, Laravel, CodeIgniter. പ്രവൃത്തി പരിചയം : 1.സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ -യോഗ്യത നേടിയ ശേഷം 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. 2.പ്രോഗ്രാമർ: അഭിലഷണീയം. പ്രായപരിധി- 50 വയസിൽ താഴെ. കൂടുതൽ വിവരങ്ങൾക്ക്: 0471-2546824, 0471-2546832.

## അഭിമുഖം

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ കരാർ നിയമനത്തിന് ഏപ്രിൽ 9ന് അഭിമുഖം നടത്തും. എം ബി ബി എസ് യോഗ്യതയും ടി സി എം സി/ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് പങ്കെടുക്കാം.

താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം രാവിലെ 11 മണിക്ക് വയനാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ അഭിമുഖത്തിന് എത്തണം.

## കോഴ്സിലേക്ക് അപേക്ഷിക്കാം

ഗവ. ഐ.ടി.ഐ കളമശേരി ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഗവ. അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രയിനിങ് സ്ഥാപനത്തിൽ നടത്തുന്ന അഡ്വാൻസ്ഡ് ഷോർട്ട് ടേം ഓട്ടോകാഡ് ആൻഡ് ത്രീഡി മാക്സ് (കമ്പ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിങ്) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഐ.ടി.ഐ ട്രേഡുകൾ (ചാഇ) പാസായവർക്കോ/ ഡിപ്ലോമ/ ഡിഗ്രിയുള്ളവർക്കോ/ മൂന്ന് വർഷത്തെ പ്രാക്ടിക്കൽ പ്രവൃത്തിപരിചയമുള്ളവർക്ക് സ്പോൺസർഷിപ്പോടുകൂടിയോ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0484-2557275, 8921942612.

## ഹരിത കലാലയമായി ഐ. എം. ഡി. ആർ കോളേജ്

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ മാലിന്യമുക്ത നവകേരളം പ്രഖ്യാപനവുമായി ബന്ധപ്പെട്ട് അരുവിക്കര ഗ്രാമപഞ്ചായത്തിലെ ഐ.എം.ഡി.ആർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിനെ മികച്ച ഹരിത കലാലയമായി തെരഞ്ഞെടുത്തു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ.അനിൽ ഹരിത കലാലയമായി പ്രഖ്യാപിച്ചു.

ക്ലീൻ കേരള, ക്ലീൻ ക്യാമ്പസ് എന്ന പേരിൽ കോളേജിൽ നടപ്പാക്കിയ മാതൃകാ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഐ.എം.ഡി.ആർ കോളേജിനെ തെരഞ്ഞെടുത്തത്. കോളേജ് പ്രിൻസിപ്പൽ ജെ.ബി.രാജൻ പുരസ്ക്കാരം ഏറ്റുവാങ്ങി.

## ഗതാഗത നിയന്ത്രണം

റസ്സൽപുരം – കൂട്ടപ്പന റോഡിൽ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള ഓടയുടെ നിർമാണ പ്രവർത്തികൾ നടക്കുന്നതിനാൽ ഏപ്രിൽ 10 മുതൽ 15 വരെ ഇതുവഴിയുള്ള ഗതാഗതം പൂർണമായി നിരോധിച്ചതായി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

## ഫലം പ്രസിദ്ധീകരിച്ചു

ഗവ. ഹോമിയോപതിക് മെഡിക്കൽ കോളേജ് 2024 സെപ്റ്റംബറിൽ നടത്തിയ സി.സി.പി. സപ്ലിമെന്ററി പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം www.ghmct.org ൽ പ്രസിദ്ധീകരിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചലച്ചിത്ര മേഖല സ്ത്രീ സുരക്ഷിതവും സ്ത്രീ സൗഹൃദവുമാകണം: മന്ത്രി വീണാ ജോർജ്

## പോഷ് നിയമത്തിൽ അവബോധം ശക്തമാക്കാൻ സിനിമാ മേഖലയിൽ പരിശീലന പരിപാടി

ചലച്ചിത്ര മേഖല സ്ത്രീ സുരക്ഷിതവും സ്ത്രീ സൗഹൃദവുമാകണമെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ക്യാമറയ്ക്ക് മുന്നിലും പുറകിലും കൂടുതൽ സ്ത്രീകൾ എത്തണം. പോഷ് ആക്ട് 2013ന്റേയും ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റേയും വെളിച്ചത്തിൽ ഒരു സിനിമ രൂപപ്പെടുമ്പോൾ ഈ മേഖലയിൽ പ്രവർത്തിയെടുക്കുന്ന എല്ലാവർക്കും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉറപ്പ് വരുത്തേണ്ടതുണ്ട്.

ഇത് കണക്കിലെടുത്തുകൊണ്ടാണ് സിനിമാ മേഖലയിലുള്ളവരെ ഉൾപ്പെടുത്തി പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ചലച്ചിത്ര മേഖലയിൽ ഏറ്റവും സുപ്രധാന ഇടപെടലിനാണ് സംസ്ഥാന സർക്കാർ തുടക്കം കുറിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഇടയിൽ പോഷ് നിയമത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് ജെൻഡർ പാർക്കിന്റെ സഹായത്തോടുകൂടി സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

വാക്കുകൊണ്ടോ നോട്ടം കൊണ്ടോ പ്രവർത്തി കൊണ്ടോ സ്ത്രീകളോട് അതിക്രമം പാടില്ല. വിവിധ തൊഴിലിടങ്ങളിൽ ധാരാളം സ്ത്രീകളെ കാണാം. കണക്കുകൾ പരിശോധിച്ചാൽ സംഘടിത മേഖലയിൽ പ്രത്യേകിച്ചും സർക്കാർ മേഖലയിൽ ഏറ്റവും അധികം സ്ത്രീകളാണ്.

സെക്രട്ടറിയേറ്റിൽ 65 മുതൽ 70 ശതമാനത്തോളം സ്ത്രീകളാണ്. ആരോഗ്യ മേഖലയിലും ഏറ്റവുമധികം ജോലി ചെയ്യുന്നത് സ്ത്രീകളാണ്. വിദ്യാഭ്യാസ മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജിലും പ്രൊഫഷണൽ കോളേജുകൾ എടുത്തു നോക്കിയാലും 60% മുതൽ 70% വരെ പെൺകുട്ടികളാണ് എന്നതാണ് യാഥാർത്ഥ്യം.




തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരേയുണ്ടാകുന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെ ബോധവൽക്കരണത്തിനായി വനിതാ ശിശു വികസന വകുപ്പ് സിനിമാ മേഖലയിലുള്ളവർക്കായി നടത്തിയ സംസ്ഥാനതല പരിശീലന പരിപാടി മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു

തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കാൻ ഈ സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. 2023 ജനുവരിയിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് എതിരേയുള്ള ലൈംഗികാതിക്രമം തടയുന്നതിനായി, പോഷ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പോഷ് പോർട്ടൽ ആരംഭിച്ചു. ആ ഘട്ടത്തിൽ നാമമാത്രമായ വകുപ്പുകളിലും ആയിരത്തോളം സ്ഥാപനങ്ങളിലും മാത്രമായിരുന്നു നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ ഉണ്ടായിരുന്നത്. എന്നാൽ പരമാവധി സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 2024 ഓഗസ്റ്റിൽ വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ക്യാമ്പയിൻ ആരംഭിച്ചു.

പോഷ് ആക്ട് പ്രകാരം സംസ്ഥാനത്തെ 95 സർക്കാർ വകുപ്പുകളിലെ പത്തിൽ കൂടുതൽ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാൽ ലക്ഷത്തിലധികം സ്ഥാപനങ്ങളെ രജിസ്ട്രേഷൻ ചെയ്യിപ്പിക്കാനുമായി. സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളേയും രജിസ്റ്റർ ചെയ്യിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന് പുറമേയാണ് ചലച്ചിത്രമേഖലയിൽ കൂടി ഇത് നടപ്പിലാക്കുന്നന്നത്.

പോഷ് ആക്ട് പ്രകാരം നിലവിലുള്ള വ്യവസ്ഥകൾക്കനുസരിച്ച് നടപ്പിലാക്കുന്നതിന് വേണ്ടിയിട്ടുള്ള മോഡ്യൂൾ പരിശീലനമാണ് സംഘടിപ്പിച്ചിരിക്കുന്നത്. നിർമ്മാതാവ് തൊഴിൽ ദാതാവാണ്. അപ്പോൾ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതും സ്ത്രീ സുരക്ഷ ഉറപ്പാക്കേണ്ടതും നിർമ്മാതാവിന്റെ ഉത്തരവാദിത്തമാണ്. വിവിധ സംഘടനകളുടെ പ്രാതിനിധ്യം തെളിയിക്കുന്നത് നല്ല രീതിയിൽ ചലച്ചിത്ര മേഖല ഇത് സ്വീകരിക്കുന്നുണ്ട് എന്നുള്ളതാണ്.

മലയാള സിനിമാ മേഖല സ്ത്രീ സൗഹൃദമാക്കുന്നതിന് ഏറ്റവും ഫലപ്രദമായിട്ടുള്ള പരിശീലന പരിപാടിയായിരിക്കും ഇതെന്നും മന്ത്രി വ്യക്തമാക്കി

ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് സ്വാഗതവും ഡയറക്ടർ ഹരിത വി കുമാർ നന്ദിയും പറഞ്ഞു. വനിത ശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. അദീല അബ്ദുള്ള വിഷയാവതരണം നടത്തി.

സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ, ലേബർ കമ്മീഷണർ സഫ്ന നാസറുദീൻ, ചലച്ചിത്ര അക്കാഡമി ചെയർമാൻ പ്രേംകുമാർ, റിസോഴ്സ് പേഴ്സൺ അഡ്വ. പാർവതി മേനോൻ എന്നിവർ ആശംസകൾ അർപ്പിച്ചു. സിനിമാ രംഗത്തെ 60 ഓളം പേർ പങ്കെടുത്തു.

### ക്ലേ വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കാം

ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലേ വർക്കർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 നും 41 നും ഇടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷകർ ടെറാക്കോട്ട്‌വെയറിലും ക്ലേമോഡലിംഗിലും കുറഞ്ഞത് മൂന്നു വർഷത്തെ പ്രവർത്തി പരിചയമുള്ളവരായിരിക്കണം.താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത / പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ഏപ്രിൽ 16ന് മുമ്പായി അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### മഴക്കാലപൂർവ്വ ശുചീകരണം : പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ യോഗം ചേർന്നു

ജില്ലയിലെ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താൻ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം കളക്ടറേറ്റിൽ ചേർന്നു. എലിപ്പനി, ചെള്ള് പനി, ഡെങ്കിപ്പനി തുടങ്ങിയവ പ്രതിരോധിക്കാൻ വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങളാണ് ജില്ലാ ഡിസീസ് സർവൈലൻസ് കമ്മിറ്റി നടത്തിയ യോഗത്തിൽ ചർച്ച ചെയ്തത്.

വിദ്യാലയങ്ങളും പരിസരങ്ങളും കൊതുക് മുക്തമാക്കുക, സ്കൂളുകളിലും വീടുകളിലും ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുക, കൃഷി സ്ഥലത്ത് കൊതുക് വർധന ഇല്ലാതാക്കുക, മൃഗങ്ങൾക്ക് കൃത്യമായി കുത്തിവയ്പ്പ് നൽകുക, ഓടകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുക തുടങ്ങിയവയാണ് പ്രധാന നിർദേശങ്ങൾ.

വൃത്തിഹീനമായ അന്തരീക്ഷത്തിൽ ഭക്ഷണം പാകം ചെയ്യുന്നതും ജീവനക്കാരുടെ ശുചിത്വം സംബന്ധിച്ചും പ്രത്യേകം പരിശോധന നടത്തും.

കൊതുകിന്റെ വളർച്ചക്ക് കാരണമാകുന്ന പൊതു ഇടങ്ങൾ, മലിനമായി കിടക്കുന്ന തോടുകൾ, കുളങ്ങൾ ശുചീകരിക്കുന്നതോടൊപ്പം ജലസ്രോതസ്സുകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും വേണ്ട നടപടികൾ അതാത് വകുപ്പുകൾ കൈക്കൊള്ളാനും നിർദേശിച്ചു.

എ ഡി എം ബീന പി ആനന്ദ്, ഡി എം ഒ ഡോ. ബിന്ദു മോഹൻ, അഡീഷണൽ ഡി എം ഒ ഡോ. അനിൽകുമാർ, അഡിഷണൽ ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ സർവ്വൈലൻസ് ഓഫീസറുമായ ഡോ. ഉണ്ണീ കൃഷ്ണൻ, വിവിധ വകുപ്പ് പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

### കലാ വിസ്മയങ്ങളുടെ പരമ്പര തീർത്ത് ഓട്ടിസം അവബോധദിനം

ലോക ഓട്ടിസം അവബോധ ദിനാചരണത്തിന്റെ ഭാഗമായി ഡിഫറന്റ് ആർട് സെന്ററിലെ ബീഥോവൻ ബംഗ്ലാവിൽ വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഗാനം ആലപിച്ചുകൊണ്ട് കലാ വിസ്മയങ്ങൾക്ക് തുടക്കമിട്ടു. സെന്ററിലെ ഭിന്നശേഷിക്കുട്ടികൾക്കൊപ്പം വിവിധ ഗാനങ്ങൾ പാടി കാണികളെയും സംഗീതാസ്വാദകരെയും മന്ത്രി ഒരുപോലെ വിസ്മയിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി സെന്ററിൽ ആരംഭിച്ച ഓട്ടിസം കുട്ടികളുടെ ബാൻഡിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. സെന്ററിലെ ഓട്ടിസം വിഭാഗത്തിൽപ്പെട്ട ഗൗതം ഷീൻ മന്ത്രിയുടെ ഛായാചിത്രം വരച്ച് നൽകി.

ഡിഫറന്റ് ആർട് സെന്ററിലെ പ്രതിഭാധനരായ ഭിന്നശേഷിക്കാർ നാടിന്റെ സമ്പത്താണെന്ന് മന്ത്രി പറഞ്ഞു. മാനുഷികതയുടെ ജീവിതം പഠിക്കാൻ ഏറ്റവും ഉചിതമായൊരിടം ഡിഫറന്റ് ആർട് സെന്ററാണെന്നും കലയും കലാകാരനുമൊക്കെ ജാതിമത ചിന്തകൾക്കുമപ്പുറമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സിപിഎമ്മിന്റെ 24ാം പാർട്ടി കോൺഗ്രസിന് കൊടിയേറി

മധുര : സിപിഎമ്മിന്റെ 24 ാം പാർട്ടി കോൺഗ്രസ് തമുക്കം മൈതാനത്തു തുടങ്ങി. കീഴ്വെൺമണിയിലെ രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് പാർട്ടി കേന്ദ്ര കമ്മിറ്റി അംഗം യു.വാസുകിയുടെ നേതൃത്വത്തിൽ എത്തിച്ച പതാക കൺട്രോൾ കമ്മിഷൻ ചെയർമാൻ എ.കെ.പത്മനാഭൻ ഏറ്റുവാങ്ങി. കുട്ടികൾ ഉൾപ്പെടെ അണിനിരന്ന റെഡ് വൊളന്റിയർ മാർച്ചിൽ 'വെല്ലെട്ടും.. വെല്ലെട്ടും.. അഖില ഇന്ത്യ മാനാട് വെല്ലട്ടും..' വിളികളുയർന്നു. മുതിർന്ന നേതാവ് ബിമൻ ബസു പതാകയുയർത്തി.പാർട്ടി പതാക കോർത്ത ബലൂണുകൾ പറത്തിയും 'ഇങ്കിലാബ്' വിളിച്ചുമാണ് പാർട്ടി പ്രതിനിധികൾ ആരവത്തിൽ പങ്കെടുത്തത്. പാർട്ടി കോഓർഡിനേറ്റർ പ്രകാശ് കാരാട്ട്, കേരള മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ള മുതിർന്ന നേതാക്കളും കൊടിമരച്ചുവട്ടിലുണ്ടായിരുന്നു.

ഉദ്ഘാടന സമ്മേളനത്തിൽ പിണറായി വിജയൻ, എം.എ.ബേബി, എ.കെ.ബാലൻ, ഇ.പി.ജയരാജൻ, മുഹമ്മദ് റിയാസ് എന്നിവർ കുടുംബസമേതമാണു പങ്കെടുത്തത്. പിണറായിയുടെ കൊച്ചുമകൻ ഇഷാനും സദസ്സിൽ മുൻനിരയിൽത്തന്നെ ഉണ്ടായിരുന്നു. പ്രധാന വേദിയുടെ കവാടത്തിൽ സ്ഥാപിച്ചിരിക്കുന്ന കാൾ മാർക്സിന്റെ പ്രതിമ പാർട്ടി കോൺഗ്രസിനെത്തിയവരുടെ 'സെൽഫി പോയിന്റായി' മാറി.

'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ' കയ്യിലേന്തി കസേരയിൽ ഇരിക്കുന്ന കാൾ മാർക്സിന്റെ പ്രതിമയ്ക്കൊപ്പം ഫോട്ടോയെടുക്കാനുള്ള സംവിധാനമാണു മധുര എംപി എസ്.വെങ്കിടേശന്റെ നേതൃത്വത്തിൽ ഒരുക്കിയത്. ചിത്രകാരനും കലാകാരനുമായ വി.ശരൺരാജ് കളിമണ്ണും ഫൈബർ ഗ്ലാസും ചേർത്താണു പ്രതിമ തയാറാക്കിയത്.

# വഖഫ് ബിൽ: ബിജെപി കേരളത്തിലെ ജനങ്ങളെ കബളിപ്പിച്ചെന്ന് കെ സുധാകരൻ എംപി

വഖഫ് ബില്ലിലൂടെ മുനമ്പം വിഷയം പരിഹരിക്കാൻ കഴിയില്ലെന്നു വ്യക്തമായതോടെ ബിജെപി കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുകയായിരുന്നെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. സംസ്ഥാന സർക്കാർ വിചാരിച്ചാൽ പരിഹരിക്കാവുന്ന മുനമ്പം വിഷയത്തിൽനിന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഒളിച്ചോടുകയും ബിജെപിയുടെ പ്രഭാരിയായി അദ്ദേഹം മാറുകയും ചെയ്തു. മുസ്ലിംകളുടെ സ്വത്തുക്കൾ പിടിച്ചെടുക്കുക എന്നതാണ് വഖഫ് ബില്ലിന്റെ ലക്ഷ്യമെന്ന് ഇപ്പോൾ വളരെ വ്യക്തമാണ്. നേരത്തെ കോൺഗ്രസ് ചൂണ്ടിക്കാട്ടിയ ഇക്കാര്യം ഇപ്പോൾ ശരിയാണെന്നു തെളിഞ്ഞു. ഇന്ന് ഇത് മുസ്ലിംകൾക്കെതിരേ ആണെങ്കിൽ നാളെ മറ്റു സമുദായങ്ങൾക്കെതിരേ ആയിരിക്കും. ക്രിസ്ത്യൻ ചർച്ച് ബിൽ പോലുള്ള നിയമങ്ങളും ബിജെപിയുടെ പരിഗണനയിലാണ്. മധ്യപ്രദേശിലെ ജബൽപൂരിൽ പള്ളികളിലേക്ക് തീർത്ഥാടനം നടത്തിയ ക്രിസ്ത്യൻ വൈദികർ ഉൾപ്പെടെയുള്ളവരെയാണ് ബജ്റംഗ്ദൾ ആക്രമിച്ചത്. അവർക്കെതിരേ നടപടി എടുക്കാൻ പോലും സാധിച്ചില്ല. മണിപ്പൂരിൽ ഇത്രയും വലിയ വംശഹത്യ നടന്നിട്ട് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ കാഴ്ചക്കാരായി നിന്നു. ഗ്രഹാം സ്റ്റെയിനിൽ തുടങ്ങിയ ആക്രമണങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടരുകയാണ്. കോൺഗ്രസ് മാത്രമാണ് ഇവരോടൊപ്പം അണിനിരന്നതെന്ന് എല്ലാവരും ഓർക്കണം. സംഘ്പരിവാറിന്റെ ന്യൂനപക്ഷ വിരുദ്ധ മതഭ്രാന്തിന് മുന്നിൽ ബിജെപി ഭരണകൂടം നിശബ്ദമാണെന്നും കെ. സുധാകരൻ പറഞ്ഞു.ബിജെപിയുടെ ലക്ഷ്യം കോൺഗ്രസ് മുക്ത ഭാരതം എന്നതുപോലെ ന്യൂനപക്ഷ മുക്ത ഭാരതം എന്നതാണ്. അതിലേക്കുള്ള ചവിട്ടുപടിയാണ് വഖഫ് ബിൽ പോലുള്ള നിയമങ്ങൾ. ഇത് ഇന്ത്യൻ ഭരണഘടനയ്ക്കും ജനാധിപത്യത്തിനും എതിരാണ്. ഒടുവിൽ അവർ എന്നെ തേടി വന്നപ്പോൾ എനിക്കുവേണ്ടി സംസാരിക്കാൻ ആരുമില്ലായിരുന്നു എന്ന മാർട്ടിൻ നീമൊളെറുടെ പ്രസിദ്ധമായ വാക്കുകളാണ് നാമെല്ലാം ഓർക്കേണ്ടതെന്നും സുധാകരൻ ചൂണ്ടിക്കാട്ടി.

# ജില്ലയിലെ കോൺഗ്രസിൽ അച്ചടക്ക നടപടി: എട്ട് മണ്ഡലം പ്രസിഡൻറുമാരെ നീക്കി

കൊല്ലം: എട്ട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറുമാരെ നീക്കം ചെയ്ത് ജില്ലയിലെ കോൺഗ്രസ് നേതൃത്വത്തിൽ ശുദ്ധീകരണ പ്രക്രിയ. മഹാത്മാഗാന്ധി കുടുംബ സംഗമം, ലീഡർ ഫണ്ട് അടക്കമുള്ള സംഘടനാ പരിപാടികൾ നടത്തുന്നതിൽ വീഴ്ച വരുത്തിയ മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറുമാരെയാണ് കെപിസിസി നീക്കം ചെയ്തത്.

പഞ്ചായത്തുകളുടെ ചുമതല ഉണ്ടായിരുന്ന ഡിസിസി ഭാരവാഹികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. സംഘടനാ പ്രവർത്തനത്തിന് വീഴ്ച വരുത്തുന്ന മണ്ഡലം മുതൽ ഡിസിസി വരെയുള്ള മുഴുവൻ ഭാരവാഹികൾക്കും നടപടികൾ ഉണ്ടാകുമെന്നും വിവരമുണ്ട്. 14 ജില്ലകളിലും കെപിസിസി ജില്ലാതല നേതൃയോഗങ്ങൾ നടന്നു വരികയാണ്. കൊല്ലത്ത് നടന്ന നേതൃയോഗത്തിൽ പങ്കെടുക്കാതെ ഒളിച്ചു കളി നടത്തിയവർക്കെതിരെയാണ് ഇപ്പോൾ അച്ചടക്ക നടപടി ഉണ്ടായിരിക്കുന്നത്.

ഇത് മറ്റ് ജില്ലകളിലുംനടപ്പിലാക്കിയേക്കും. കഴിഞ്ഞ ദിവസം നടന്ന നേതൃയോഗത്തിൽ പങ്കെടുക്കാത്ത ഡി സി സി ഭാരവാഹികൾ, ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറുമാർ എന്നിവരോട് ജില്ലയുടെ ചുമതലുള്ള കെപി സി സി ജന. സെക്രട്ടറി പഴകുളം മധു വിശദീകരണം ചോദിച്ചിട്ടുമുണ്ട്.

വിട്ടുനിന്ന മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറുമാർ ഡി സിസി പ്രസിഡൻറിന് വിശദീകരണം നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്.

ഇത്രയും നേതാക്കൾക്ക് എതിരെ ഒരുമിച്ച് സംഘടനാ നടപടി വരുന്നത് ഇത് ആദ്യമായാണ്. എഐസിസി ജന. സെക്രട്ടറി കെ. സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്ത ജില്ലാ കോൺഗ്രസ് കമ്മിറ്റി നടത്തിയ വാർഡ് പ്രസിഡൻറുമാരുടെ സമ്മേളനത്തിൽ ജില്ലയിലെ സംഘടനാ പ്രവർത്തനത്തിൽ അടിമുടി മാറ്റം വരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു.

ഡിസിസി ഭാരവാഹികൾ, ബ്ലോക്ക് – മണ്ഡലം പ്രസിഡൻറുമാർ എന്നിവരുടെ പ്രവർത്തനം ജില്ലയുടെ സംഘടനാ ചുമതലയുള്ള ജന. സെക്രട്ടറിയും ഡി സി സി പ്രസിഡൻറും നേരിട്ട് വിലയിരുത്തും. നിയോജക മണ്ഡലം കോർ കമ്മിറ്റിയും നേതൃയോഗവും 11 അസംബ്ലി മണ്ഡലങ്ങളിലും വിളിച്ച്കൂട്ടി തെരഞ്ഞെടുപ്പിന് മുന്നൊരുക്കങ്ങൾ നടത്തും. യോഗം ഉദ്ഘാടനം ചെയ്ത കെപി സിസി സംഘടനാ ചുമതലയുള്ള ജന. സെക്രട്ടറി എം. ലിജുവും വീഴ്ച വരുത്തിയ നേതാക്കളെ രൂക്ഷമായി വിമർശിച്ചു.

വീഴ്ച വരുത്തുന്നവർക്കെതിരേ മുഖം നോക്കാതെ നടപടി എടുക്കാൻ ഡി സിസി പ്രസിഡൻറ് പി. രാജേന്ദ്രപ്രസാദിന് യോഗം അധികാരം നൽകി. അടുത്ത മാസം ജില്ലയിൽ രാഹുൽഗാന്ധി പങ്കെടുക്കുന്ന സമ്മേളനം വിജയിപ്പി ക്കുന്നതിന്റെയും മുന്നോടിയായി വാർഡ്-മണ്ഡലം - ബ്ലോക്ക് - അസംബ്ലിതല സ്വാഗതസംഘം കമ്മിറ്റികൾ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

# പോലീസിന്റെ മിന്നൽ പരിശോധന; തൊടുപുഴയിൽ 14 ടോറസ് പിടികൂടി

തൊടുപുഴ: നിയമം ലംഘിച്ച് കരിങ്കല്ല് കയറ്റി പായുന്ന ടിപ്പർ, ടോറസ് ലോറികളെ കുടുക്കാൻ ഇടുക്കി ജില്ലാ പോലീസ് മേധാവി ടി. കെ. വിഷ്ണുപ്രദീപിന്റെ നിർദേശപ്രകാരം നടത്തിയ മിന്നൽ പരിശോധനയിൽ കുടുങ്ങിയത് 14 വാഹനങ്ങൾ. ഇന്നു പുലർച്ചെയായിരുന്നു എസ്പിയുടെ പ്രത്യേക സ്ക്വാഡ് തൊടുപുഴ മേഖലയിൽ മിന്നൽ പരിശോധന നടത്തിയത്.

12 ടോറസ് ലോറികൾ, ഒരു ടിപ്പർ, ഒരു മിനി ടിപ്പർ എന്നിവയാണ് പിടികൂടിയത്. കൂടുതലും പാസില്ലാതെ അനധികൃതമായി കരിങ്കല്ലു കടത്തിയ വാഹനങ്ങളാണെന്ന് പോലീസ് പറഞ്ഞു. അമിത ലോഡ് കയറ്റിയ വാഹനങ്ങളും പിടികൂടിയവയിൽ ഉൾപ്പെടും.അമിത വേഗത്തിൽ പായുന്ന ലോറികളിൽ നിന്നു കല്ലും മറ്റും റോഡിലേക്കു വീഴുന്നതായി പോലീസിനു പരാതി ലഭിച്ചിരുന്നു. ഇന്നു പുലർച്ചെ പ്രത്യേക സംഘം വിവിധ റോഡുകൾ കേന്ദ്രീകരിച്ചാണ് പരിശോധന നടത്തിയത്. വിവിധ സ്റ്റേഷനുകളിൽ നിന്നുള്ള സിഐ, എസ്ഐ എന്നിവർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു. രാവിലെ ആറിനു ശേഷമാണ് ക്രഷറുകളിൽ നിന്നു വാഹനങ്ങൾക്ക് പാസ് നൽകുന്നത്.

എന്നാൽ ഇതിനും ഏറെ നേരത്തെ തന്നെ വാഹനങ്ങളിൽ പാസില്ലാതെ അമിത ലോഡ് കയറ്റി പോകുകയാണ് ഇവർ ചെയ്യുന്നത്. കൂടുതൽ ട്രിപ്പ് എടുക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിൽ പാസില്ലാതെ ലോഡ് കയറ്റി പായുന്നത്. തിരക്കേറുന്ന രാവിലെയും വൈകുന്നേരങ്ങളിലും ടിപ്പറും ടോറസും ഓടുന്നതിനു നിയന്ത്രണമുണ്ടെങ്കിലും ഇതും മറികടന്നാണ് ഇവർ നിരത്തുകളിലൂടെ പായുന്നത്. പിടികൂടിയ വാഹനങ്ങൾക്ക് പിഴ ഈടാക്കുമെന്ന് പോലീസ് പറഞ്ഞു.

# ഗ്രാജ്വേറ്റ് ഇന്റേൺ: അപേക്ഷ ക്ഷണിച്ചു

ഹാർബർ എൻജിനിയറിങ് വകുപ്പിലെ വിവിധ ഓഫീസുകളിൽ ഗ്രാജ്വേറ്റ് ഇന്റേൺസിനെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ബന്ധപ്പെട്ട വിഭാഗത്തിൽ 70 ശതമാനത്തിൽ കുറയാത്ത മാർക്കുള്ളവരും കേരളത്തിൽ സ്ഥിരതാമസമാക്കിയവരും കേരളത്തിലെ ഏതെങ്കിലുമൊരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുമായിരിക്കണം. അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി പാസ്പോർട്ട് സൈസ് ഫോട്ടോയോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്റ്റർ നമ്പർ, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം 30ന് മുമ്പ് ചീഫ് എൻജിനിയറുടെ കാര്യാലയം, ഹാർബർ എൻജിനിയറിങ് വകുപ്പ്, കമലേശ്വരം, മണക്കാട് പി.ഒ., തിരുവനന്തപുരം- 695009 വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക്: 0471 2459365, www.hed.kerala.gov.in , ce.hed@kerala.gov.in .